

Our Little KITEs......
Conquering the HEIGHTS......!
( A collection of creative works done by the students of GHSS Adoor in association with Little KITEs 2018-19 )
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
GOVT.HSS ADOOR
little KITEs



## MESSAGE

*I am extremely happy to know that "The LITTLE KITES IT Club" of our School is bringing out a"Digital Magazine" for the first time in the history of our School. I hope this will provide an apt opportunity to showcase the various creativities of our Students.*

*I wish every success to their venture*

*Anees G Moosan*
*Headmaster*



# The Kites to reach the heights..........

*This is the moment of fulfilment and satisfaction. With the help of the teachers and friends the members of the LITTLE KITES have proved that they are capable to apply their skill of IT for any purpose if proper opportunity is provided. We can say that they are really succeeded in conquering the heights.*

*I was really surprised to see the enthusiasm of our children when they were asked to prepare the Digital Magazine.*

*We all know that every child is blessed with one or other kind of skill or ability. Inspiration from the external world is a must for the development of the skill. This Digital Magazine is aimed at to foster the creative skills of the students. I thank all my teachers and students for making this venture a great success.*

*Prapullachandra C H*

*KITE Master*



# FOREWORD

**Staff Editor**
**Madhava Thekkekare**

*'General Education Protection Campaign'- has already created tremendous changes in the environment of the government and Aided schools in our state. As we all know the main aim of the campaign is to raise the standard of Government and Aided schools to the International level. In order to achieve this goal 45000 class rooms are already made Hi-tech. It is based on the assumption that IT enabled teaching learning process makes the learning effective and enjoyable. KITE (Karala Infrastructure and Technology for Education) also aims at the same.*

*LITTLE KITEs' – is considered to be the largest Student IT network in the whole country having more than one lakh student members. In every school there is a team of Smart Students which is know as 'LITTLE KITE – IT Club'. They are given special training in Animation, Cyber Safety, Malayalam Computing, Hardware, Electronics, Developing Mobile Apps, Programming, Robotics, E-commerce, E-governance, Video documentation and Web-Tv etc. These trained Students Support their friends to adapt themselves to the changed class room environment and take care of IT equipments of their classes.*

*For your curiosity I would like to tell you that the name 'Adoor' consists of two words – A+ Door – Adoor. This is means that one who walks out through this door will Surely conquer the heights in his or her life. This fact is again stressed by the activities of 'The LITTLE KITE IT – Club', which is led by Sri Prapullachandra Sir, HSA Mathematics and the KITE Master of our school. The club consists of 39 specially trained students who are capable to use their knowledge of IT for any purpose. This digital magazine called 'Our Little KITES Conquering The HEIGHTS', is the best example for it. Interest shown by the members of LITTLE KITE in realising this dream of*

*publishing a digital magazine is really praise worthy. Following the guidance of their KITTE Master, Student Editors, Mariyam Shabna of X C and Rachitha C. K of X B, collected the creativities of students moving from class to class during their leisure time. Members of the LITTLE KITE also found time to get those creativities typed in various languages. They have also included pictures, paintings and cartoons of their friends.*

*As it is mentioned earlier, 'The General Education Protection Campaign' aims at to raise the standard of education in Government and Aided Schools Creativity is one of the best methods to evaluate the standard level of the pupils. This Digital Magazine which contains the various creativities of the students may also enable us to measure how far a teaching learning process in the present Hi-tech class rooms influence the creative thinking of the pupils. Because the gained knowledge becomes* meaningful when we create something new out of it. Here lies the importance of this Digital Magazine.

*I take this opportunity to impart our gratitude to Mr. Anees G Moosan, The honourable Head Master of our school and Chief Editor of this Magazine for his support and valuable advice. Editorial board consisting of language experts also rendered their help in making minor corrections in the writings of the students. So, let me thanks Mr. Ramachandra Maniyani Sir (HSA Kannada), Mr. Dhanil das and Roshna (Malayalam HSAs), for their help.*

*I take this opportunity to thank Mrs. Sharadha. P, the Senior Assistant of our school for her valuable advice and support.*

*I also thank Mr. Udayakumar Sir, UPSA Kannada and also IT export who has designed an attractive cover page for this magazine and also for suggesting a beautiful tittle.*

*Finally let me thank all the teachers and students.*

*With Love,*

*Staff Editor*

# Editorial Board

| | |
|---|---|
| Cheif Editor | : Head Master |
| Staff Editor | : Madhava Thekkekare |
| Student Editor | : Mariyam Shabna |
| Sub Editor | : Rachitha C. K |
| Members | : Geetha Savithri |
| | Dhanil Das |
| | Ibrahim Khaleel |
| | Rafeeque P |
| | Muhammed Faisal |
| | Ayishath Shaniba A. S |
| | Rajitha K. R |

# Table of Contents


ಪ್ರಕೃತಿಯ ಸೊಬಗು........8
ദൈവത്തിനോട്........9
ಕನ್ನಡ ನುಡಿ........9
ಒಂದು ಮುಂಜಾನೆ........10
ആത്മാർഥമിത്രമേ നിന്നോട്........11
ಮಳೆಯ ನಿರೀಕ್ಷೆಯಲ್ಲಿ........12
ಒಂದು ಸಂಜೆ........13
ಪ್ರಕೃತಿಯ ಮಡಿಲು........14
ಪ್ರಳಯ ತಂದ ಆ ದುರಂತ........15
മാതൃവാത്സല്യം........16
നിഴൽ........17
ಚಿತ್ರರಚನೆ........18
LIFE........19
കേരള ജനതയുടെ ദുരന്തങ്ങൾ........20
കേരള ജനതയുടെ ദുരിതം........21
വെള്ളത്തിൽ ഒലിച്ച പോയ സ്വപ്നങ്ങൾ........22
വൃദ്ധസദനത്തിലെ ജനലഴികൾ........24
പ്രളയം എന്ന വൻ ദുരന്തം........25
കേരളക്കരയെ കൈ പിടിച്ചുയർത്താൻ........26
കുടിലിലെ കുട........27
പരിസ്ഥിതി സംരക്ഷണം........28
സ്വപ്നങ്ങൾ നിലച്ചപോയ നിമിഷം........29
Drawing........31
മനുഷ്യർ മാത്രമുള്ള മലയാളം........32
AN UNFORGETTABLE DAY IN MY LIFE 23/06/2018........33
ಚಿತ್ರರಚನೆ........34
പരിസ്ഥിതി സംരക്ഷണം........35
പ്രകൃതിയും വിദ്യാർത്ഥികളും........36
നിലം പൊത്തിയ കൂട്........37
ಚಿತ್ರರಚನೆ........39
ಚಿತ್ರರಚನೆ........40
Drawing........41
ಚಿತ್ರರಚನೆ........42
Drawing........43
ಚಿತ್ರರಚನೆ........44
ಚಿತ್ರರಚನೆ........45

ಚಿತ್ರರಚನೆ......45
ಚಿತ್ರರಚನೆ......46
ಚಿತ್ರರಚನೆ......47
സോഷ്യൽ നെറ്റ്‌വർക്ക് മീഡിയയും കുട്ടികളും......48

# ಪ್ರಕೃತಿಯ ಸೊಬಗು

***ಪ್ರಜ್ವಲ್. ಜಿ 10 ಎ***



# ദൈവത്തിനോട്

ശ്രദ്ധ എസ് പാർവ്വതി,6 ബി

ചന്തനക്കുറിവര കൈകൂപ്പി ഭക്തിയും
നിൻ കൈകുമ്പിളിൽ നീയാര്
സ്പർശനമില്ല നീ മനുഷ്യനേ അല്ല
കാണുന്നില്ല ഞാൻ നിൻ മുഖം
കേൾക്കുന്നില്ല ഞാൻ നിൻ സ്വരം
സ്വർണ്ണമാളികയിൽ കൊത്തിവച്ച കൽപ്രതിമയോ
മനുഷ്യമനസ്സിലെ ആദരപൂർണ്ണനോ
എന്നെയും അവനെയും ഒരുപോലെ കീഴടക്കും
മനസ്സിന്റെ ഭാവന മാത്രമാണ് നീ ദൈവമേ

# ಕನ್ನಡ ನುಡಿ

ಕವನ, 5 ಎ

ಕನ್ನಡವೆಂಬುದು ನಮ್ಮಯ ನುಡಿಯು
ತಾಯಿಯ ಹಾಗೆ ನಮಗೆಲ್ಲ
ಅಂದದ ಚೆಂದದ ಸುಂದರ ನುಡಿಯು
ಹರುಷದಿ ಕಲಿಯುವ ನಾವೆಲ್ಲ
ಅಪ್ಪನು ಅಮ್ಮನು ನುಡಿಯುವ ನುಡಿಯು
ಖುಷಿಯಲಿ ಕೇಳುವ ನಾವೆಲ್ಲ
ಹೂವಿನ ಹಾಗೆ ಅಂದದ ನುಡಿಯು
ಚಂದದ ಬಾಷೆ ನಮಗೆಲ್ಲ
ಹಕ್ಕಿಯ ಚಿಲಿಪಿಲಿ ನಮ್ಮಯ ನುಡಿಯು
ಕನ್ನಡ ಮಕ್ಕಳು ನಾವೆಲ್ಲ
ಹೇಳುವ ಕೇಳುವ ನಮ್ಮಯ ನುಡಿಯು
ಕನ್ನಡ ಬಾಷೆಯು ನಮಗೆಲ್ಲ

# ಒಂದು ಮುಂಜಾನೆ

ವಿದ್ಯಾಶ್ರೀ .ಎ ,7 ಎ



# ആത്മാർഥമിത്രമേ നിന്നോട്....

*Mariyam Shabna ,**10C***

ഉഷസ്സിലും സായാഹ്നത്തിലും എനിക്കു
കൂട്ടായ് നീയേയുള്ളു എൻ സ്വന്തം
നിഴലാണു നീ...
സന്തോഷ സന്താപഘട്ടങ്ങളിൽ
എനിക്ക് കൂട്ടാകുമെൻ പ്രിയ മിത്രമേ നീ
എന്റെ നയനമിൽ നിന്നുതിരും അശ്രു
പോലും നീ നിന്റെതു കൂടിയാക്കി  മാറ്റുന്നു...
ഞാനൊന്നു വീഴുമ്പോഴും ഉയിർത്തൊഴുന്നേൽക്കുമ്പോഴും
എനിക്കു കൂട്ടാകുമെൻ ആത്മാർഥ മിത്രം...
സമയമാകുന്ന കാലചക്രം നടന്നുനീങ്ങുമ്പോൾ
നമ്മൾ ഒഴുകുന്ന നിമിഷം
വേറെന്തുണ്ട് അതിൽ പരംസന്തോഷമെനിക്ക്...
ജീവിത യാത്രയിലുട നീളം എനിക്കുകൂട്ടാകും
എന്റെയൊരേയൊരു മിത്രം നീ...
മറ്റെന്തുണ്ട് നിനക്ക് പകരം വെക്കാൻ-
എനിക്കീജന്മത്തിൽ...
എൻ വാക്കും പ്രവൃത്തിയും നിന്നിൽ
അലിഞ്ഞുകഴിഞ്ഞിരിക്കുന്നു...
ഏതു പ്രതിസന്ധി ഘട്ടത്തിലും
തരണം ചെയ്യാൻ നീവേണം എനിക്കുകൂട്ടായ്...
ആദിത്യൻ വെളിവാകുന്നതും കാത്തിരിക്കയാണു ഞാൻ
എന്നാലല്ലേ നിൻ പൂമുഖമെനിക്കു ദൃശ്യമാകു...
ഞാനെന്താണു നിനക്ക് പകരം നൽകുക
എൻ കയ്യിൽ നിനക്കായ് ഒന്നുമില്ലാ...
അതറിയാമായിരുന്നിട്ടും എൻ സ്വന്തമായ്
നീ വരുന്ന നിമിഷം,
സന്തോഷാശ്രു എൻ നയനത്തിൽനീ
ദർശിച്ചതില്ലേ...
എൻ പ്രിയ സുഹൃത്തേ,ആത്മാർഥ മിത്രമേ...
നിനക്കായെൻ കൃതജ്ഞത മാത്രം...

# ಮಳೆಯ ನಿರೀಕ್ಷೆಯಲ್ಲಿ

*ಸೌಮ್ಯ ಕೆ 10 ಎ*



# ಒಂದು ಸಂಜೆ

ಕವನ 5 ಎ

*ಹಿಂದೊಂದು ಸಂಜೆಯಲಿ*
*ನಮ್ಮೂರ ಕೇರಿಯಲಿ*
*ಮರಗಿಡಗಳಾಡಿ ತೂಗುತ್ತಿತ್ತು*

*ಸಂಜೆಯ ಹೊತ್ತಲ್ಲಿ*
*ಮರಗಳ ತುದಿಯಲ್ಲಿ*
*ಹಕ್ಕಿಗಳ ಚಿಲಿಪಿಲಿ ಕೇಳುತ್ತಿತ್ತು*

*ಊರಿನಾ ಆಚೆಯಲಿ*
*ಬೆಟ್ಟದಾ ತುದಿಯಲ್ಲಿ*
*ಗಾಳಿಯು ಜೋರಾಗಿ ಬೀಸುತ್ತಿತ್ತು*

*ನಮ್ಮೂರ ಬಾನಿನಲಿ*
*ಚುಕ್ಕಿಗಳು ಅಲ್ಲಲ್ಲಿ*
*ಅಂದದಿ ಚೆಂದದಿ ಮೂಡುತ್ತಿತ್ತು*

*ಹಗಲಿಂದ ಇರುಳೆಡೆಗೆ*
*ಇರುಳಿಂದ ಹಗಲೆಡೆಗೆ*
*ಜೀವನದ ಯಾತ್ರೆಯು ಸಾಗುತ್ತಿತ್ತು*

# ಪ್ರಕೃತಿಯ ಮಡಿಲು

ಶ್ರೀನಿತ್ ಓ 7 ಎ



# ಪ್ರಳಯ ತಂದ ಆ ದುರಂತ

*ವಿನಿತ ಕುಮಾರಿ,10 ಬಿ*

*ಓ ಮನುಜನೇ ನಿನ್ನ ಅಹಂಕಾರದಿಂದ*
*ಬಂದಿತು ಇಂದು ಪ್ರಳಯ*
*ಹಾಗೆಂದು ನೀನೇನೂ ಚಿಂತಿಸಬೇಡ*
*ಕೈಲಾದಷ್ಟು ಮಾಡು ನೀ ಇತರರಿಗೆ ಸಹಾಯ*

*ಹಲವು ವರುಷಗಳ ಅನಂತರ ರಭಸದಿಂದೊಡಗೂಡಿದ ಮಳೆ*
*ಹಾನಿಗೊಳಗಾಯಿತು ಕೃಷಿಕರ ಬೆಳೆ*
*ಪಸರಿಸಿತು ನೀರು ಮುಗಿಲೆತ್ತರಕ್ಕೆ*
*ಕೂಗಾಡಿದರು ಜನರು ಸಹಾಯಕ್ಕೆ*

*ನೀರಲ್ಲಿ ಕೊಚ್ಚಿ ಹೋದವು ಮನೆ ಮರಗಳು*
*ಮಂಜಿನಂತೆ ಕರಗಿ ನೆಲಕ್ಕುರುಳಿದವು ಬೆಟ್ಟಗುಡ್ಡಗಳು*
*ಕೇಳಲಸಾಧ್ಯ ಜೀವಕುಲದ ಯಾತನೆ*
*ಎಂದು ಆಗುವುದೋ ಮನುಜನ ಮನ ಪರಿವರ್ತನೆ*

*ಬಹಳ ಭೀತಿಗೊಳಗಾದರು ಜನರು*
*ರಕ್ಷಿಸಿದರು ಇವರನ್ನು ಆ ದೇವರು*
*ಆಗಲೇ ಬೇಕು ಕೇರಳದ ಪುನರ್ ನಿರ್ಮಾಣ*
*ಎಂದೆಂದಿಗೂ ಸಂತೋಷದಿಂದಿರಬೇಕು ಇಲ್ಲಿಯ ಜನ*

# മാതൃവാത്സല്യം

ശ്രദ്ധ എസ് പാർവ്വതി,6 ബി

മാതൃവിലാപത്താരാട്ടിൽ
നിറഞ്ഞു നിന്നൊരു മാധുര്യം
അമ്മ തൻ താരാട്ട്
കേൾപ്പതിന്നൊരു മുഴക്കമായ്
പുഷ്പം പോൽ കുളിർമ്മയേകും
വാടി പോൽ വസന്തമേകും
അമ്മ തൻ നെറുകയ്യിൽ
കണ്ണടച്ചുറങ്ങുമ്പോൾ....
പനി നീർ പൂക്കൾ
തലോടും പോൽ
അമ്മ തന്നൊരുമ്മ
ക്ഷേമസമൃദ്ധിയൂറുന്ന
അമ്മ തൻ താരാട്ട്
അമ്മതൻ നെറുകയ്യിൽ
നിറഞ്ഞു നിന്ന സുഗന്ധവും
അമ്മതൻ മാറിൽ
അനുഭവിച്ചൊരു താലോടലും
ആമയും മുയലും എന്നു ചൊല്ലി
തേനൂറുന്നൊരു താരാട്ടും
പാടുന്ന പക്ഷി പോൽ
മറക്കുവാനൊകുമോ
ഈ ജന്മമ്ത്രയും
പിച്ച വയ്ക്കാൻ
പഠിപ്പിച്ചതല്ലെ നീ
പാദസരം കാലീൽ
കെട്ടിതന്നില്ലെ

കാറ്റിന്റെ ചുംബനം
പോലുള്ള സമൃദ്ധികളാൻ
എൻ മനം സ്നേഹാർദ്രമാക്കി നീ


# നിഴൽ

*Mubashira K A,**IX C***

നിഴലില്ലാത്തെ ജീവിതമുണ്ടോ ഈ മണ്ണിൽ
ഒരു ജീവന്റെ ആദ്യ ഡോക്ടറായവൾ
ആദ്യത്തെ അധ്യാപികയായവൾ
10 മാസം ഗർഭം ചുമന്നവൾ
രുചികൂടിയ ഭക്ഷണം ഉണ്ടാക്കിയവൾ
നല്ല ഒരു പാചകക്കാരിയുവൾ
അതാണ് നമ്മുടെ അമ്മ
അമ്മയേ കുറിച്ച് പാടാൻ കൂടുതലുണ്ട്
വർണ്ണിച്ചാൽ തീരാത്ത വാക്കാണ് അമ്മ
ഒരാൾക്കോപ്പം എന്നും നിഴൽ ഉണ്ടെന്ന പോലെ
ജീവിതത്തിലൂട നീളം രക്ത മോടുന്ന
വഴകളിൽ പോലും ഉണ്ടാ നിഴൽ എന്നും
ഒരു മുള്ള് കുത്തിയാൽ വേദനിക്കുന്നത്
ആ അമ്മയുടെ ഹ്രദയമാണ്
നാം ഒന്ന തേങ്ങിയാൽ
പിടയുന്നതാണ് അമ്മയുടെ ഹ്രദയം
അമ്മയുടെ വിലയറിയാൻ അമ്മ
തനിച്ചാക്കിപോയവർക്കേ അറിയൂ
ശരിയാണ് നമ്മുടെ നിഴലാണ് അമ്മ
ജീവിതത്തിലെ ഒറ്റ സുഹ്രത്തണെൻ അമ്മ
ജീവിതത്തിലെ ഒറ്റ സുഹ്രത്താണെൻ അമ്മ
വലൻ കൈ പോലെ ഇടൻ കൈക്ക് കൂട്ടായ്
എന്നും നീ വേണം എന്നോടൊപ്പം

# ಚಿತ್ರರಚನೆ

*ಶ್ರೀನಿತ್ ಓ ,7 ಎ*



# LIFE

*Ayishath Hashira A .10D*

It beats , beats your heart
Hits your abdomen and hurts
it licks and you giggle
until the roar of it's bugle
it's the redness of your lips
lines of your finger tip
your pulse and your will
it beats so shrill
it's the warmth of your bosom
where it leaps and blossoms
lashes of our flickering gaze
stunning flow of embrace
its the lap where you stay
it flows through your look
its laugh teases and mocks
you would be struck
in thorny bushes,they are thick
where you taste and spatter
licking drops of bitter
sometimes you shut your eyes
bit your lips and ties
of your taste and you hop
but when it is a honey, sweet
you hate and you cheat
while you taste in greed
others like its bitter that breed
it's the mixture of every drop
bitter fall,drear, and sweety hope
stirred  and stirred and is stirring
every slice has everything

# കേരള ജനതയുടെ ദുരന്തങ്ങൾ

*Fathimath shifana. , 10 C*

മനുഷ്യരുടെ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ മൂലമാണ് പ്രളയം ബാധിക്കുന്നത്. കേരളമൊട്ടാകെ പ്രളയം ബാധിച്ച് കഴിഞ്ഞിരുന്നു.പ്രളയം എന്ന് നാം കേട്ടറിഞ്ഞിട്ടേയുള്ളൂ,ആരും അത് കൊണ്ടറിഞ്ഞിട്ടില്ല.ഇപ്പോൾ ഇതാ കേരളവും അനുഭവിച്ച് കഴിഞ്ഞു.പ്രളയം എന്ന ആ വലിയ ദുരന്തത്തെ . മനുഷ്യരുടെ അശാസ്ത്രീയ പ്രവർത്തനങ്ങൾ ഇന്നും നമുക്ക് ചുറ്റും നടന്നുകൊണ്ടിരിക്കുന്നു.പ്രകൃതി എന്ന സുന്ദരവരദാനത്തെനശിപ്പിക്കുന്ന മനുഷ്യർക്ക് പ്രളയം ഒരു പാഠമാകട്ടെ.പ്രകൃതി നാശം അത് കേരളത്തിൽ മാത്രമല്ലാ നടക്കുന്നത്,ചില ക്രൂരമനസ്സുകളാണ് പ്രകൃതിയെ അസംസ്കൃത വസ്തുവായി കണക്കാകുന്നത്. തന്മൂലം അവർ പ്രകൃതി നശിപ്പിച്ച് അതിൽ ബിൽഡിങ്ങുകളും മറ്റു അശാസ്ത്രീയമായ പ്രവർത്തനങ്ങളും ചെയ്യുന്നു. പ്രളയമുണ്ടാകുന്നത് പ്രകൃതിയെ നശിപ്പിക്കുമ്പോഴാണ്.കുന്നുകളെ നിരപ്പാക്കി  മാറ്റുമ്പോൾ ഒരുപാട് പ്രശ്നങ്ങൾ വരുന്നുണ്ട്.പ്രകൃതി ദുരന്തങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ നിന്നും നാം കാണുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ ഏറ്റവും വലിയ ദുരന്തമാണ് ഭൂകമ്പം,സുനാമി അങ്ങനെ പലതും. ഇതിനു കാരണക്കാർ മനുഷ്യർ തന്നെയാണ്. മനുഷ്യരുടെ ചില നീചപ്രവർത്തനങ്ങൾ  മൂലമാണ് ഇന്ന് നാം ഈ ദുരന്തങ്ങളൊക്കെ അനുഭവിക്കുന്നത് .

മനുഷ്യരാണ്  പ്രകൃതിയിൽ നടക്കുന്ന ദുരന്തങ്ങൾക്ക് കാരണം.നൂറിൽ പത്ത് ശതമാനം പേർ മാത്രമേ പ്രകൃതിക്ക് അനുകൂലമായി ജീവിക്കുന്നുള്ളൂ. ബാക്കി വരുന്ന തൊണ്ണൂറ് ശതമാനം പേരും പ്രകൃതിക്ക് യോചിക്കാത്ത തരത്തിൽ ജീവിക്കുന്നു.ഇത്തരം മനുഷ്യരാണ് പ്രകൃതിയെ ഇഞ്ചിഞ്ചായി നശിപ്പിക്കുന്നത്. പൂഴയിൽ നിന്നും പൂഴിവാരുന്നതും ,കുന്നിൻ പ്രദേശങ്ങളെ നിരപ്പാക്കുന്നതും ,മരങ്ങളെ വെട്ടിനശിപ്പിക്കുന്നതും, പ്രകൃതിക്ക് ഇണങ്ങാത്ത തരത്തിലുള്ള പ്രവർത്തികളും ചെയ്യുന്നതു മൂലമാണ് പ്രകൃതിയിൽ ദുരന്തങ്ങൾ വർധിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ സംഭവിക്കാതെ നമുക്ക് തന്നെ പ്രകൃതിയെ സംരക്ഷിക്കാം. മനുഷ്യർ എന്ന ബുദ്ധി ജീവി വിജാരിച്ചാൽ ഈ ലോകം തന്നെ നമുക്ക് ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കാം. മനുഷ്യർ ചെയ്യുന്ന ഓരോ നീചകാര്യങ്ങൾ കൊണ്ടാണ് പ്രകൃതി ഇന്ന് നശിച്ചു കൊണ്ടിരിക്കുന്നത് ജൈവമാലിന്യങ്ങളും മറ്റു പ്ലാസ്റ്റിക്ക് കവറുകളും നാം പുഴയിൽ കൊണ്ട് തള്ളുന്നു.അത് പ്രകൃതിയെ മാത്രമല്ല ബാധിക്കുന്നത്. പുഴയെ ആശ്രയിച്ച് ജീവിക്കുന്നവർക്കുംഇത് വലിയ ഒരു പ്രശ്നമാണ്. അവർ പുഴയിലെ വെള്ളം ഉപയോഗിക്കുകയും അത് മൂലം അവർക്ക് മാരകമായ രോഗങ്ങൾക്കും കാരണമാവും. പ്രളയത്തിന്റെ കാരണങ്ങളിൽ ഒന്നാണ് കുന്നുകളെ നിരപ്പാക്കി അതിൽ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ നടത്തുന്നത്.

കേരളം ഇപ്പോൾ വിതുമ്പുകയാണ്. പ്രളയാനന്തരം മുങ്ങിയകേരള ജനതയോടൊപ്പം ലോകമെമ്പാടും ഉള്ളവർ ദുഖിക്കുകയാണ്. എല്ലാ രാജ്യങ്ങളും കേരളത്തിനോടൊപ്പം പങ്ക് ചേരുകയാണ്.പ്രളയത്തിൽ മുങ്ങി. കേരളത്തെ ഇപ്പോൾ മറ്റു രാജ്യങ്ങൾ നെഞ്ചിലേറ്റുന്നു. വികസിപ്പിക്കാനാവശ്യമായ ചെലവുകൾ മറ്റു രാജ്യക്കാരും സംസ്ഥാനങ്ങളും നൽകുകയാണ്. പ്രളയാനന്തരത്തിൽ മുങ്ങിയ കേരളത്തിന്റെ വിശമം ഇപ്പോഴും മറ്റു രാജ്യക്കാർ അനുഭനിക്കുന്നു.ഇന്ത്യ കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദുരന്തമാണ് കേരളത്തിലെ മഹാപ്രളയ

# കേരള ജനതയുടെ ദുരിതം

*Ayshath Shahana,**10 E***

കേരളീയർ കുറച്ചു കാലം മുമ്പ് സന്തുഷ്ടരായി ജീവിച്ചവരായിരുന്നു കാരണം നമുക്ക് മുമ്പിൽ ഒരു നല്ല പരിസ്ഥിതി നിലവിലുണ്ടായിരുന്നു. കാടും മലകളും സമുദ്രങ്ങളുമായി സമ്പന്നമായ കേരളം. എന്നാൽ മനുഷ്യൻ ഫാക്ടറികളും മറ്റും നിർമ്മിച്ച് പ്രകൃതിക്ക് ഹാനിയുണ്ടാക്കി കൊണ്ടേയിരുന്നു. പക്ഷെ അവർ വരാനിരിക്കുന്ന ദുരിതത്തെ പറ്റി ചിന്തിച്ചില്ല. അവർ ആർഭാഢത്തോടേയും ആഹ്ലാദത്തോടെയും ജീവിച്ചു . മരങ്ങൾ മുറിച്ചും കാടുകൾ ഇല്ലാതാക്കിയും വയലുകൾ നികത്തിയും കുന്നിടിക്കുകയും പോലുള്ള പ്രവർത്തികൾ കൊണ്ട് പ്രകൃതിയെ നശിപ്പിച്ചുകൊണ്ടേയിരുന്നു.

എന്നാൽ ഇതിന്റെ മറുപടി പ്രകൃതി തന്നെ നമുക്ക് നൽകി . അത് ഉരുൾപൊട്ടലും വെള്ളപൊക്കവുമാണ് . വെള്ളപൊക്കം കൂടി കൂടി പ്രളയം എന്നറിയപ്പെട്ടു. പിന്നീട് അത് മഹാപ്രളയമെന്നറിയപ്പെട്ടു . ഇതിൽ നിന്നു നമുക്ക് മനസ്സിലാക്കാം  പ്രളയം എത്ര ശക്തിയേറിയതാണെന്ന്. ആഢംബരത്തിൽ ജീവിച്ച ഓരോ മനുഷ്യനും സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി ദുരിതാശ്വാസ ക്യാമ്പിൽ  കഴിഞ്ഞവരാണ്. പണക്കാരോ പാവപ്പെട്ടവരോ എന്നില്ലാതെ തുല്യതയോടെ അവരവിടെ കഴിഞ്ഞു സ്വന്തം അച്ഛനെവിടെയാണ് ? അമ്മയെവിടെയാണ് സഹോദരങ്ങൾ എവിടെയാണ്  മക്കൾ എവിടെ എന്നിങ്ങനെ പലരും എവിടേയാണ് എന്നറിയാതെ അവിടെ അവർ വേവലാതിപ്പെട്ടു ജീവിച്ചു. പലരും സ്വന്തം വീട്ടിലെ വളർത്തുമൃഗങ്ങളെ പോലും ദുരിതാശ്വാസ ക്യാമ്പിലേക്ക് കൊണ്ടു വന്നു എന്നാൽ അവയ്ക്ക് കൊടുക്കാൻ ഭക്ഷണം പോലും ഉണ്ടായിരുന്നില്ല . പല മൃഗങ്ങളും അവിടെ ചത്തു മാത്രമല്ല അവിടെയുള്ള ആളുകൾക്ക് പോലും ലഘുഭക്ഷണം പോലും ലഭിക്കാൻ പോലും പ്രയാസമായി രുന്നു. അന്ന് ആഢംഭരത്തോടെ കഴിഞ്ഞവർ ഇന്ന്  കീറി പഴകിയ വസ്ത്രവുമായി ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നു.

മത്സ്യതൊഴിലാളികളാണ്  ഈ അപകടങ്ങളിൽ നിന്ന് നമ്മെ കരകയറ്റാനായി എത്തിയത് . ഓരോ മത്സ്യതൊഴിലാളികളും അതിനുവേണ്ടി പ്രയത്നിച്ചു കൊണ്ടേയിരുന്നു. ജയ്സൽ എന്നു പേരുള്ള ഒരു മഹാവ്യക്തി സ്ത്രീകൾക്കും കുട്ടികൾക്കും തോണിയിൽ വെള്ളം നിറഞ്ഞ റോഡുകളിൾ കൂടി ഒഴുകി അങ്ങനെ റോഡുകളിലൂടെ തോണികൾ പോകാൻ തുടങ്ങി . എല്ലാവരെയും തോണിയിൽ കയറ്റി ദുരിതാശ്വാസകേന്ദ്രത്തിലേക്ക് എത്തിച്ചു കൊണ്ടേയിരുന്നു. മാത്രമല്ല ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പോയി വിമാനത്തിൽ പോലും ആളുകളെ രക്ഷിച്ചു.  അങ്ങനെ ഒരു ഗർഭിണിയായ സ്ത്രിയെ വിമാനത്തിൽ രക്ഷിച്ച് അവർക്ക് സുഗപ്രസവമായിരുന്നു. ഇത് പട്ടാളക്കാരുടെ അതിയായ സേവനമായിരുന്നു. മാത്രമല്ല സ്ത്രീകൾക്കും കുട്ടികൾക്കും വയസ്സായവർക്കും തോണിയിൽ കയറൽ പ്രയാസമായിരുന്നു. അപ്പോൾ ജയ്സൽ എന്ന മഹാവെക്തി സ്വന്തം ശരീരം തോണിയിലേക്കുള്ള ഒരു പടിയാക്കി അവരെ കയറ്റി. ദൂരെ നിന്ന ഒരാൾ ഇത് video ആക്കി media കളിൽ ഇട്ടു . ഇദ്ദേഹത്തിന്റെ നന്മ മൂലം അദ്ദേഹത്തിന് വീടുകെട്ടാനുള്ള പണം ഒരുപാട് പേര് നൽകാമെന്ന് പറഞ്ഞു.

മാത്രമല്ല നമുക്കൊപ്പം നമ്മുടെ സർക്കാരും ഒപ്പമുണ്ടായിരുന്നു. ദുരിതം അനുഭവിക്കുന്ന വർക്ക് സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിതികൾ പ്രവർത്തിപ്പിച്ചു. പ്രളയം ബാധിക്കാത്ത ജില്ലകളിലെ ഒരോ സ്കൂളുകളിലും കടകളിലും ബസ്സുകളിലും ദുരിതാശ്വാസനിതിയിലേക്കുള്ള പണം സംഭരിക്കാനുള്ള സംവിധാനങ്ങളെ ഉക്കി ഇതിലൂടെ ദുരിതാശ്വാസ ക്യാമ്പിലുള്ള ആളുകൾ ആശ്വാസമായി. മരുന്നുകളും ഭക്ഷണങ്ങളും വസ്തുങ്ങളും നേരിയ അളവിലെങ്കിലുംഅവർക്ക് കിട്ടി തുടങ്ങി. അവരുടെ വിഷമത്തിന്

പരിഹാരമുണ്ടായി തുടങ്ങി. പ്രളയത്തിൽ നിന്നുള്ള രക്ഷക്കായി ഡാമുകൾ തുറന്നുവിടുകയും ചെയ്തു. രണ്ടു നിലയുടെ വീടുകൾ പോലും കൊണ്ടുപോയ ആപ്രളയത്തിന് അവസാനമപ്പോൾ. സർക്കാറിന്റെയും മറ്റു ആളുകളുടേയും സഹായത്തോടെ വീടുകളും നാടുകളും ഒത്തൊരുമിച്ച് എല്ലാവരും വൃത്തിയാക്കി തുടങ്ങി.

കേരളം ഈ അപകടത്തിൽ നിന്ന് കരകയറാൻ നമ്മുക്ക് പ്രാർഥിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിതിയിലേക്ക് പണം നൽകി അവരെ കരകയറ്റാൻ ശ്രമിക്കാം .

# വെള്ളത്തിൽ ഒലിച്ചു പോയ സ്വപ്നങ്ങൾ

*Mariyam Shabna ,**10C***

ഒരു നൂറ്റാണ്ടിനു ശേഷമാണ് പ്രളയം എന്ന മഹാദുരിതം എന്ന ദുരന്തം വീണ്ടും മലയാളക്കരയെ തേടിയെത്തിയത്. അത് വളരെ അപ്രതീക്ഷിതമായിരുന്നു. ആഡംബരത്തിന്റെ പടുകുഴിയിൽ ജീവിക്കുമ്പോൾ ഇങ്ങനെയൊരു ദുരന്തം തങ്ങളെ തേടിയെത്തുമെന്ന് മലയാളികൾ ഒരിക്കലും ചിന്തിച്ചുകാണില്ല. കേരളമണ്ണ് കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്നു ഇത്.

ഒരു മഹാദുരന്തമായിരുന്നെങ്കിലും പ്രളയാനന്തരം നമുക്ക് ഒരു പാട് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു . ജാതിയുടെയും മതത്തിന്റെയും പേരിൽ കലഹിക്കുന്ന മനുഷ്യർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നത് ഒരു കുടുംബം പോലെയായിരുന്നു. ആ നിമിഷങ്ങളിൽ ജാതിയുടെയോ മതത്തിന്റ്റേയോ മതിൽക്കെട്ടുകൾ അവർക്ക്ചുറ്റുമുണ്ടായിരുന്നില്ല .എല്ലാഭാരതീയരും തന്റെ സഹോദരി സഹോദരന്മാരാണ്, എന്ന് നാം എപ്പോഴുമെടുത്ത പ്രതിജ്ഞയ്ക്ക് അർത്ഥം ലഭിച്ചത് പ്രളയാനന്തരമാണ്. മലയാള മണ്ണിന്റെ കണ്ണീരിന് സാന്ത്വനമേകി ലോകം മുഴുവൻ നമ്മോടൊപ്പം ഒത്തുചേർന്നു. ലോക രാജ്യങ്ങൾ മുഴുവനും അവരുടെ കഴിവിന്റെപരമാവധി സാമ്പത്തികമായും ആശ്വാസവാക്കുകളായും നമ്മോടൊപ്പം പങ്കുചേർന്നു. നമുക്കാവശ്യമായ ഭക്ഷണങ്ങളും ആവശ്യസാമഗ്രീകളും അവർ എത്തിച്ചു തന്നു. ഇതിലൂടെ നമുക്ക് എന്താണ് ഐക്യം എന്ന് അറിയാൻ സാധിക്കും, ഐക്യമത്വം മഹാബലം എല്ലാവരുടെയും കൂട്ടായ പരിശ്രമ ഫലമായി പ്രളയത്തിന്റെ നഷ്ട ഹാനികളിൽ നിന്ന് കേരളം ഇപ്പോൾ കര കയറിക്കൊണ്ടിരിക്കുകയാണ്.

ഒരു രാവ് പുലർന്നപ്പോൾ മലയാളക്കര വെള്ളത്തിലായി കഴിഞ്ഞിരുന്നു. ഇന്ത്യയിലെമ്പാടുമുള്ള ലോകത്തിന്റെ വിവിധ കോണുകളിലുള്ള വ്യക്തികൾപോലും അഭിനന്ദനാർഹമായ സഹായങ്ങളാണ് നമുക്ക് സമ്മാനിച്ചത്. രക്ഷാപ്രവർത്തനങ്ങളുടെ ഇടയിൽ തന്റെ സഹോദരങ്ങൾക്കുവേണ്ടി ജീവത്യാഗം ചെയ്തു നിരവധി പേർ നമ്മുക്ക് മുമ്പിലൂടെ കടന്നു പോയി . സമൂഹത്തിൽ നാം വിലകുറച്ച് കണ്ടിരുന്നവർ നമുക്ക് എന്തും ചെയ്യാനായി നമ്മുടെ കൂടെയുണ്ടായിരുന്നു. ഇതിലൂടെ അവരുടെ മഹത്വങ്ങളും കേരള ജനത മനസ്സിലാക്കി. നിരവധി സ്വപ്നങ്ങളാണ് വെള്ളപ്പൊക്കത്തിലൂടെ ഒലിച്ചു പോയത്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുമ്പോഴും മലയാള മണ്ണിന്റെ അതിജീവനത്തിനു വേണ്ടിയുള്ള പ്രാർഥനയിലായിരുന്നു എല്ലാവരും. ആഘോഷങ്ങളെല്ലാം മാറ്റിവെച്ച് കേരളക്കരയൊന്നാകെ ഒരുമിച്ചു. നമുക്ക് ഐക്യ-സൗഹ്ദത്തോടുകൂടി വസിക്കാനാകും എന്ന് പ്രളയം കാണിച്ചുതന്നു.

കേരളം ഇപ്പോൾ അതിജീവനത്തിന്റെ പാതയിലാണ്, നിരവധി കോടി രൂപ നാശനഷ്ടമുണ്ടായിട്ടുണ്ടെങ്കിലും അതിനെ തരണം ചെയ്യാനുള്ള ശ്രമത്തിലാണ് ഇപ്പോൾ കേരളീയർ . അതിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ക്യാമ്പിലേക്ക് സംഭാവന ചെയ്യുവരാണ് നാമെല്ലാവരും.

ജനമനസ്സുകളിലെ സഹകരണബോധം നമുക്ക് നേരിൽ കാണാൻ പ്രളയം അവസരമൊരുക്കി. കേരളം കുതിച്ചുയർന്ന് ഉന്നതിയിലേക്കെത്തട്ടെ എന്ന് നമുക്കാശംസിക്കാം ..... വെള്ളത്തിൽ ഒലിച്ചുപോയ നിരവധിസ്വപ്നങ്ങൾക്കു വേണ്ടി നമ്മുക്കൊത്തൊരുമിച്ച് പ്രാർഥിക്കാം..................

# <u>ಕೆರಳಿದ ಸಿಂಹ</u>

*ಜಿತಿನ್ ರಾಜ್ ಬಿ,7 ಎ*



# വൃദ്ധസദനത്തിലെ ജനലഴികൾ

ശ്രദ്ധ എസ് പാർവ്വതി,6 ബി

*വെറുതെയാണെങ്കിലും എത്തിനോക്കി*
*ഇല്ല, വരികയില്ലീവഴി ആരും തന്നെ*
*ഇനിയെന്റെ കാത്തിരിപ്പാർക്കുവേണ്ടി*
*ഇനിയെന്റെ കാലമേ അന്ത്യത്തിനായ്*
*ഒരു ചോറുരുള ഞാൻ കൊഞ്ചിച്ചതിനോ*
*എന്തിനീ ഇരുട്ടിൽ ചാരിനിൽപ്പൂ*
*ഞാൻ തന്ന അമ്മിഞ്ഞപ്പാലിനു*
*വില കൽപ്പിച്ചില്ലെ നീ.....*
*ഞാൻ പാടും താരാട്ടിനെ*
*വിലയിരുത്തിയില്ലെ നീ...*
*വാടിയ സൂനം പോൽ നീ എന്നെ കരുതി*
*ബധിരനെ പോലെ നീ എന്നോടു ചൊല്ലി.*
*ഞാൻ സഞ്ചരിക്കുന്നു ഈ ജനലഴികളിലൂടെ*
*വാനിൽ മുട്ടുവോളം....*
*ഇനീയെന്തുയർച്ചതാഴ്ചകൾ സഞ്ചരിക്കുന്നു*
*ഒരു നൂലിലെന്നപോൽ*
*ഒരു ചെറു അടവെന്നുതെറ്റുമെന്ന*
*കാത്തിരിപ്പാണെനിക്കിനീ*
*യെന്റെ അന്ത്യത്തിനായുള്ള*
*കാത്തിരിപ്പ്.....*

# പ്രളയം എന്ന വൻ ദുരന്തം

*Athira. V,10 D*

*നൂറ്റാണ്ടുകൾ ശേഷമാണ് കേരളത്തിലേക്ക് വിളിക്കപ്പെടാത്ത ഒരതിഥിയായി പ്രളയം കടന്നു വന്നത്. മലയാളികൾക്ക് പ്രളയം ഒരു ഞെട്ടലായിരുന്നു. ഒരു രാത്രി പുലർന്നെഴുന്നേൽക്കുമ്പോൾ കേരളം വെള്ളത്തിലായിരുന്നു. ജനങ്ങൾ കണ്ണുതുറക്കുമ്പോഴേക്കും തന്റെ വീടും സമ്പാദ്യവുമൊക്കെ വെള്ളത്തിനടിയിൽ.ജനങ്ങൾക്കതൊരു അടിയായിരുന്നു. വേദന സഹിക്കാൻ പറ്റാത്ത അടി. അതുവരെയുണ്ടായിരുന്ന മനുഷ്യന്റെ ആഡംബരം ഒരൊറ്റ രാത്രികൊണ്ട് ഇല്ലാതായി. ആഡംബരത്തിന്റെയും അഭിമാനത്തിന്റെയും പടുകുഴിയിലായി ജീവിച്ചിരുന്ന മനുഷ്യന് പ്രളയം എന്ന വൻ ദുരന്തം ഒരു തിരിച്ചടിയായിരുന്നു. അതുവരെ പാവപ്പെട്ടവനെന്നും പണക്കാരനെന്നും പറഞ്ഞിരുന്നവർ ഒരു കുരയ്ക്കടിയിൽ ഒരമ്മപെറ്റവരെപ്പോലെ കഴിയേണ്ടിവന്നു. പണക്കാരനെന്നു പറഞ്ഞ് അഹങ്കരിച്ചവൻ ഒരൊറ്റ രാത്രി കൊണ്ടാണ് പാവപ്പെട്ടവനായി മാറിയത്. അതുമാത്രമല്ല ജാതിയുടെയും മതത്തിന്റെയും പേരിൽ തമ്മിലടിച്ചിരുന്നവർ ഒരു പായിൽ കിടന്നുറങ്ങേണ്ടി വന്നു. പ്രളയാനന്തരം മലയാളിക്ക് നഷ്ടപ്പെട്ടത് അവന്റെ വീടും സമ്പാദ്യമാണ്.*

*പ്രളയനന്തരം ഇതുവരെ വിശപ്പെന്തെന്നറിയാത്തവൻ ഒരു നേരത്തെ ഭക്ഷണത്തിനായി മറ്റുള്ളവരോടപേക്ഷിച്ചു. പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ടത് നിരവധി ജീവിതങ്ങളാണ്. ഒരുപാട് പ്രതീക്ഷകൾ ബാക്കിയുണ്ടായിരുന്ന നിരവധി ജീവനുകൾ. ഇതുവരെ ഒന്നു തിരിഞ്ഞു നോക്കാത്തവർ കേരളത്തിന്റെ കണ്ണീരിന് സാന്ത്വന മേകി വന്നു. ഓരോരുത്തരും അവരവർക്കു കഴിയുന്ന സഹായം കേരള ജനതയ്ക്കു നൽക്കി പരമാവധി സമ്പത്തികമായും ആശ്വാസപരവുമായി നിരവധി പേർ കടന്നുവന്നു. അവർ അവരുടെ സമ്പാദ്യം കേരളത്തിനായി പകുത്തുനൽകി മലയാളികളോടൊപ്പം അവരും കൂടെ കരഞ്ഞു.*

*പ്രളയാനന്തരം നഷട്മായ ജീവിതങ്ങൾ തിരിച്ചു  കിട്ടുകയില്ല. എന്നാൽ പ്രളയാനന്തരം തിരിച്ചു കിട്ടിയത് നൂറ്റാണ്ടുകൾക്കു മുമ്പ് കളഞ്ഞുപോയ ഐക്യബോധവും സൗഹാർദവുമാണ്. പ്രളയത്തിന്റെ വരവോടേ മനുഷ്യൻ മനുഷ്യനെ തിരിച്ചറിയാൻ ഉള്ള കഴിവ് നേടിയെടുത്തു. ഇന്ന് കേരളം പ്രളയം എന്ന വൻ ദുരന്തത്തിൽ നിന്നും കരകയറിക്കോണ്ടിരിക്കുകയാണ്. അതിനു പിന്നിൽ ഒരു പാടു പേരുടേ കാരുണ്യവും ഒരു പാടു പേരുടെ ആശ്വാസവാക്കുകളുമുണ്ട്.*

*ഒന്നിച്ചു പ്രയ്തനിച്ചു നമുക്ക് കേരളജനതയുടെ സ്വപ്നം സാക്ഷാത്കരിക്കാം. പ്രാർഥിക്കാം നമുക്ക് കേരളത്തിനായി, കേരള ജനതയ്ക്കായി, നമ്മുടെ നാടിന്റെ പുരോഗതിക്കായി. കേരളം കുതിച്ചുയർന്ന് ഒന്നാമതെത്തട്ടെ. കേരളത്തിലേക്ക് മത സൗഹാർദത്തിന്റെയും ഐക്യത്തിന്റെയും കാറ്റുകൾ വീശിത്തുടങ്ങട്ടെ.*

# കേരളക്കരയെ കൈ പിടിച്ചുയർത്താൻ.......

*Mubashira K A,**9 C***

*അതെ, പ്രളയം മുക്കിപ്പിഴിഞ്ഞ് വലിച്ചെറിഞ്ഞ ഒരു മൃത ദേഹത്തിനു തുല്യമായിരിക്കുകയാണ് വർത്തമാന കേരളം. കേരളത്തെയൊട്ടാകെ പിഴിതെറിഞ്ഞ ഒരു വൻദുരന്തമായിരുന്നു കുറച്ച്നാളുകൾക്കു മുമ്പ് കേരളീയർ ദൃക്സാക്ഷിയായത്. കേരളത്തിലുള്ള സർവ്വ സാധനങ്ങളെയും മുക്കി വെള്ളത്തിലലിയിപ്പിക്കാൻ ഈ മഹാ പ്രളയത്തിനു സാധിച്ചു. പണമായും മണ്ണിനു മുകളായ് സമ്പാദിച്ച കൃഷിക്കളയും വൻകിട കെട്ടിടങ്ങളെയും അടക്കം എല്ലാ മനുഷ്യ സമ്പാദ്യങ്ങളെയും കണ്ണടച്ച് തുറക്കും മുമ്പ് ഒരു മായാജാലം പോലെ മായിച്ച് ജലമാക്കിയിരിക്കുകയാണ്. ഇതൊരു ദൈവ പരീക്ഷണമായിരിക്കും കേരളീയരുടെ മനസ്സിനെ ഒന്നു തൊട്ടുണർത്താനുള്ള ശിക്ഷയായിരിക്കാം...*

*പ്രളയാനന്തരം നമ്മൾ കണ്ട് കൊണ്ടിരിക്കുന്ന കേരളത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്. പ്രളയത്താൽ ഇടിഞ്ഞുവീണ രണ്ടും മൂന്നും നിലയുള്ള വീടും പ്രളയം മുക്കിലും മൂലയിലും നിറച്ച ചെളികളും നാശനഷ്ടം സംഭവിച്ച കൃഷികളും കേരളത്തിന്റെ ദയനീയ കാഴചകളാണ്. ദുരിതം അനുഭവിച്ച എല്ലാ കേരളീയർക്കും തണലായ് ദുരിതാശ്വാസ ക്യാമ്പും, അതിനെ നിലനിർത്തിക്കൊണ്ട് പോവാൻ ചില നല്ല മനസ്സിനുടമകളും ലോകത്തിനു മാതൃകയായിരുന്നു. ജന മനസ്സിന്റെ നന്മയാൽ ദുരിതമനുഭവിച്ചവർക്ക് ഒരു തണലാവാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അവരാൽ കഴിയുന്ന സഹായം മറ്റുള്ളവർ നല്കിയപ്പോൾ ദുരിതമനുഭവിച്ചവർക്ക് ആ കൊച്ചു സഹായം കൊടും വേനലിലെ ഒരു കുളിർ മഴയായ് പെയ്തു. ദുരിത്വാശ്വാസ ക്യാമ്പിലാണെങ്കിൽ സാഹോദര്യത്തിന്റെ മഹത്വവും പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ ജീവിക്കേണ്ടതിന്റെ ആവശ്യകതയും കൂട്ടായ്മയുടെ ബലവും എല്ലാം അനുഭവത്തിൽ മനസ്സിലാക്കിക്കൊടുത്ത നിഗൂഢ സത്യങ്ങളായിരുന്നു. ഇതു മനസ്സിലാക്കിയ കുറെ പേർ ദുരിതത്താൽ കുഴിയിലേക്ക് വീണവരെ കൈപിടിച്ചുയർത്തികൊണ്ടിരിക്കുകയാണ്.*

*ഭൂരിഭാഗം ആളുകളും പണം കൊടുത്തും രാവും പകലും ദൈവത്തോട് പ്രാർത്ഥിച്ചും, ജീവിക്കാനാവശ്യമായ മറ്റുസാധനങ്ങൾ നൽകിയും സഹായിച്ചു. ഈ പ്രളയത്തിന്റെ ദുരന്ത കെടുതിയിൽ ഒരു വെളിച്ചമാവാൻ അവർക്കു സാധിച്ചു.*

*പ്രളയാനന്തരം ദുരിതക്കെടുതി അനുഭവിക്കുന്ന കേരളത്തെ ഒരു നവകേരളമാക്കി മാറ്റാൻ എല്ലാവരും പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. തങ്ങളുടെ മനസ്സിലുള്ള നന്മകളെ പുറത്തെടുത്ത ഈ ദൈവപരീക്ഷണത്തെ ഒരു അവസരമാക്കി മാറ്റിയ ഒരു പാട് മഹാ മനസ്സിനുടമകൾ നമ്മുടെ നാട്ടിലുണ്ട്. ഇല്ലാത്തവൻ ചെയ്യുന്ന ചെറിയ ചെറിയ നന്മകളെ പോലും അവരുടെ മുന്നിൽ മറാക്കാനാവാത്ത ഒരു വലിയ സേവനമായി മാറിക്കൊണ്ടിരിക്കുയാണ്. തീർച്ചയായും എല്ലാവരുടെയും പരിശ്രമം കൊണ്ട് ഒരു നവ കേരളത്തെ പടുത്തുയർത്താൻ സാധിക്കും. പ്രളയത്തിനു മുമ്പുള്ള കേരളത്തേക്കാൾ ഉത്തമമായ ഒരു കേരളം സൃഷ്ടിക്കുക എന്ന ആശയം സാഫല്യമാവണമെങ്കിൽ എല്ലാ ജനമനസ്സിന്റെയും സഹകരണം അത്യന്താപേക്ഷിതമാണ്. അതിനായ് എല്ലാ കേരളക്കാർക്കും അധ്വാനിക്കാം.... പരിശ്രമിക്കാം.... കേരളത്തിനായ് നല്ലൊരു ഭാവി പടുത്തുയർത്താം.*

# കുടിലിലെ കുട

ശ്രദ്ധ എസ് പാർവ്വതി,6 ബി

പെരിയാറിൽ തീരത്തുള്ള ഒരു കൊച്ചുകുടിൽ പ്രകൃതിദത്തമായ ഒരു സൗന്ദര്യം അവിടെ തുളുമ്പി നിന്നിരുന്നു. മണ്ണിൻ മണമുള്ള ഒരു ചെറുകുടിലായിരുന്നു അവളുടേത്. ഒരു മുറിയും അടുക്കളയും മാത്രമുള്ള ആ വീട്ടിൽ അപ്പനും അമ്മയും അമ്മുവും സുഗമായി ജീവിച്ചിരുന്നു. വീടിനടുത്തുള്ള ഒരു എൽ പി സ്കൂളിലെ 2-ാം ക്ലാസ് വിദ്യാർഥിയായിരുന്നു അമ്മു. 4-ാം ക്ലാസിലെ വിദ്യാർയഥിയായിരുന്നു ഞാനും.

ഒരു ദിവസം അവൾ എന്നോടൊരുകാര്യം ആവശ്യപ്പെട്ടു. അവളുടെ അടുത്തബെഞ്ചിലിരുന്ന ശ്രീ കുട്ടിയുടെ പിറന്നാളാണ് നാളെ. അവൾക്ക് ഇഞ്ചി മിഠായി ഇഷ്ടമാണെന്ന് അമ്മുവിനറിയാം അതുകൊണ്ട് കുറച്ച് ഇഞ്ചിമിഠായി വാങ്ങാൻ 10 രൂപവേണമെന്ന്. അവളുടെ അപ്പൻ 2 ദിവസമായി പണിക്ക്പോകാതെ അതുകൊണ്ട് അപ്പനോട് ചോദിച്ചു നോക്കിയിട്ട് കാര്യമില്ല. അതുകൊണ്ട് എന്നോട് ആവശ്യപ്പെട്ടു . “ ശരി “ ഞാൻ മൂളി .“ ഇപ്പം എന്റെ കയ്യിൽ ഇല്ല നാളെ ഞാൻ ആ പുൽ തകിടിൽ ഇടാം വന്നെടുത്തോ “ ഞാൻ പറഞ്ഞു എന്നിട്ട് ഞാൻ സ്കൂൾവിട്ടിട്ട് ഞാൻ പോയത് കല്ല് ചെത്താനാണ് . ചെത്തിവച്ചിട്ട് ഇടുക്കിയിലേക്ക് കയറ്റിയയ്ക്കാൻ അവിടെ പുതിയ ഡാം പണി തുടങ്ങി. ഞാൻ കല്ല് കേറ്റി വച്ച് കിട്ടിയ 10 രൂപ തുട്ട് പുൽതകിടിൽ ഇട്ടിട്ട് വരുന്ന വഴിക്ക് ലോരിക്കാരൻ മുസക്കയെ കണ്ടു. എന്തോ പണിയുണ്ട് അങ്ങ് ദൂരെ ദിവസം നൂറ് രൂപ വെച്ച് കിട്ടും എന്ന് പറഞ്ഞപ്പം ഞാൻ ഒന്ന് മോഹിച്ചു . കള്ളും കുടിച്ച് വന്ന് പണ്ടൊരുനാൾ അമ്മയെ കൊന്ന ഒരപ്പൻ മാത്രമുണ്ട് എനിക്ക് പിന്നെന്തിനാണ് ഞാനീലോകത്ത് നിൽക്കുന്നത്. ഞാൻ പോകാൻതന്നെ തീരുമാനിച്ചു. എന്റെ ബാല്യകാല സുഹ്റ്ത്തായ അമ്മുവിനെ വിട്ട് പോകാൻ ലേശം മടിയുണ്ടങ്കിലും ഞാൻ പോയി.

രാത്രിയാണ് യാത്ര പുറപ്പെട്ടത് ലോറിയുടെ പിറകിലിരുന്ന കൊണ്ടുള്ള യാത്ര കുറച്ച് ദുസ്സഹമായിരുന്നു. പോകുന്ന വഴി നിറയെ അമ്മുവിന്റെ ഓർമകളായിരുന്നു. അമ്മുവിനെ ഓർമ്മിച്ചാൽ അവളുടെ കുടയേയും ഓർമ്മവരും അവളുടെ പുള്ളിക്കുട. അവളുടെ അപ്പൻ ഒന്നാം ക്ലാസിൽ പോകുന്ന ആദ്യ ദിനം വാങ്ങിച്ചു കൊടുത്തതാണ് ആ കുട എന്തൊരു സ്നേഹമാണ് അവളുടെ അപ്പന് അവളോട്. ഞാൻ എന്നും വാഴയില പിടിച്ചാണ് പോകാറ്. ഒരു ദിനം ശക്തമായ മഴയായിരുന്നു. വാഴയിലയെല്ലാം മുറിഞ്ഞു പോയി. അന്ന് അവളെന്നെ ആ കുടക്കീഴിൽ കൂട്ടിയിരുന്നു. എന്തൊരു ഭംഗിയായിരുന്നു ആ കുട. അറ്റത്ത് മുത്തുകൾ പിടിപ്പിച്ച് വെള്ള പുള്ളികളുള്ള ആ കുടയെപ്പറ്റിയാലോജിച്ച് ഉറക്കത്തിലേക്ക് വഴുതി വീണു

പെട്ടന്ന് ലോറി നിറുത്തി. കണ്ണ് തുറന്ന നേരം പുലർന്നിരുന്ന തെളിഞ്ഞ ആകാശം പക്ഷെ ചുറ്റും കിറു കിറാ ശബ്ദം തീരെ ഭയാനകം മരം മുറിക്കുന്ന സ്ഥലമാണെന്ന് മനസ്സിലായി. കാടിന്റെ ഉൾഭാഗമാണെന്നും. പക്ഷേ എന്താണിവിടെ ജോലി ലോറിയിൽ നിന്നിറങ്ങി ആകെയൊന്നു നിരീക്ഷിച്ചു ഏതോ ഒരു തമിഴൻ വന്നു പറഞ്ഞു. ഈ ചെറിയ മരത്തടികളൊക്കേ എടുത്ത് പെറുക്കാൻ സഹായിക്കലാണ് തന്റെ ജോലി പല്ലൊന്നു മെല്ലെ കൈ കൊണ്ടുരച്ച് അടുത്തുള്ള പുഴയിൽ നിന്ന് മുഖം കഴുകി ജോലി തുടങ്ങി. മരം പൊക്കമ്പോൾ നല്ല മണം ചന്ദനത്തിന്റേതാണെന്ന് മനസ്സിലായി . ജോലി കഴിഞ്ഞ് 100 രൂപ തന്ന് എന്നെ പറഞ്ഞയച്ചു 100 രൂപ കീശയിൽ തിരുകി കിടക്കമ്പം ആലോചിച്ചു ഇനി കുറച്ച് വർഷം ഇവിടെ കൂടിയാലോ നേരം പുലരും വരെയാലോചിച്ചു തീരുമാനിച്ചുറപ്പിച്ചു ഇനി കുറച്ച് വർഷം ഇവിടെ കൂടാം .

*പിന്നീട് വർഷങ്ങളോളം പണിയെടുത്ത് ജീവിതത്തിലേക്ക് വേണ്ടത് കരുതി വച്ച് അടുത്ത ലോരിക്ക് നാട്ടിലേക്ക് പുറപ്പെട്ടു. നാട്ടിലെത്തി കാല് കുത്തുമ്പോൾ തന്നെ വാർത്ത ചെവികളിലൂടെ പരന്നു. എന്റെ ലോകം*

*കണ്ട് അന്ധാളിച്ചു. അമിത മഴ കാരണം ഭരിപെരിയാറുപോലുള്ള അനേകം നദികളും ഡാമുകളും കവിഞ്ഞൊഴുകിയെണ്. വീടുകളൊകകെ തകർന്നു കിടക്കുന്നു, കൂട്ടത്തിൽ എന്റെ വീടും വൻ പ്രളയം കേരളത്തെ വിഴുങ്ങി എന്ന വാർത്തയായിരുന്നു. എനിക്ക് കേൾക്കാൻ കഴിങ്ങത്. കൂട്ടത്തിൽ ഞാൻ തിരിഞ്ഞു നോക്കി എന്റെ അമ്മുവിന്റെ വീട്. തല പൊട്ടിച്ചിതറിയ അവസ്ഥപോൽ ഞാൻ അവിടെ ഇരുന്നു. എന്റെ സ്കൂൾ, സ്കൂൾ. മുറ്റത്തെ മരം എല്ലാം ജലം വീഴുങ്ങിയിരുന്നു.*

*പിന്നീട്ട് ആവാർത്തയും അറിഞ്ഞു. അമ്മുവിനെ ഏകയാക്കി അവളുടെ അപ്പനും അമ്മയും ഈ ലോകത്തോട് വിടപാഞ്ഞുവെന്ന്. അവളുടെ മാനസിക നില..... ആ വാർത്ത.. എനിക്ക് ഉൾകൊള്ളൻ കഴിഞ്ഞില്ല.*

*തലഴ്ക്ക് ......... ഞാൻ ആലോഴിച്ച. എന്റെ ആ പത്തു രൂപ അന്നമ്മു.. കിട്ടിഴിരിക്കുമോ? അതുകൊണ്ടവൾ ഇഞ്ചിമിരായി വാങ്ങിച്ച് ..... കൊടുത്തിരിക്കുമോ, അവളുടെ കുടയേയും പ്രളയത്തിരമലകൾ കവർന്നിരിക്കുമോ. നോളിൽ പുള്ളികുടെ ... വരുന്ന അമ്മുവിനെ കാണാൻ എന്നു ഭംഗിയായിരുന്നു. ആൺകുടിലില് കുടയങ്ങനെ ഉണരാൻ വച്ചപ്പോൾ തറ മുഴവൻ നനഞ്ഞു. ആ ജന്തുകളിലൂടെ വെള്ളം .... ആ മുത്തുകൾ പൊട്ടിച്ചിതറിയാണമോ ? ആ ക്കുട അവളൂടെ വീടിന്റെ കൂടെ ..... . അമ്മുവിനെ പോലെ ഞാൻ സ്നേഹിച്ച അവളൂടെ കൂടയും. എനിക്ക് ഓർക്കാൻ പോലെ വയ്യ. ഇനി ആ കുടിലിൽ കൂട ഉണക്കാനിട്ടിരിക്കുന്നത് കാണാൻ എനിക്ക് കഴിയില്ല. അതുപോലെ എന്റെ പഴയ അമ്മുവിനേയും.*

# <u>പരിസ്ഥിതി സംരക്ഷണം</u>

*Pratheeksha . C ,**7C***

*ഞാൻ എഴുതുന്നത് പരിസ്ഥിതിയെ കുറിച്ചാണ്.പരിസ്ഥിതി ഒരാൾ അല്ലെങ്കിൽ മറ്റൊരാൾ ക്കുടിയും ഒത്തു ചേർന്നതുമാണ് പരിസ്ഥിതി സുരക്ഷ. പരിസ്ഥിതിയെ നാം സംരക്ഷിക്കും. പരിസ്ഥിതിയെ നമ്മൾ തന്നെയാണ് നശിപ്പിക്കുന്നത്.എങ്ങനെയെന്ന് വച്ചാൽ കടയിൽ നിന്നും നമ്മൾ പ്ലാസ്റ്റിക്ക് വാങ്ങി വളരുന്ന ചെടികളൂടെ മുകളിൽ ഇട്ട് കഴിഞ്ഞാൽ പ്ലാസ്റ്റിക്കിന്റെ അംശം മണ്ണിലേക്ക് താഴ്ന്ന് പോവുകയും പിന്നെ അതിന്റെ വേരിലേക്ക് അത് സ്പർശിക്കുകയും ആ ചെടിയെ നഷിപ്പിക്കുകയും ചെയ്യുന്നു.ഇപ്പോൾ എല്ലാവർക്കും ഒരു കൈകളിൽ ഒതുങ്ങുന്നതാണ് എല്ലാം. തേങ്ങ ചിരഞ്ഞതിന്ന് ശേഷം അതിനെ വലിച്ചെറിയും അപ്പോൾ അതിൽ കൊതുക് മുട്ടയിടുകയും അത് വിരിഞ്ഞ് പുഴുവാകുകയും ആ പുഴു കൊതുകായി മാറുകയും ചെയ്യുന്നു. അത് പരിസ്ഥിക്ക് നാശം വരുത്തുകയും ചെയ്യുന്നു.ഇപ്പേൾ എവിടെ വെള്ളം കെട്ടിക്കിടക്കുന്നുവൊ അത് രണ്ട് മിനിറ്റിനകം അത് അവിടെ നിന്ന് വറ്റിയില്ലെങ്കിൽ അവിടെ വെള്ളത്തിന് ദുർഗന്ധം വരികയും അവിടെ നാശം സംഭവിക്കുകയും ചെയ്യുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന പുഴയിലേക്ക് പ്ലാസ്റ്റിക്ക് വലിച്ചെറിയുമ്പോൾ ഒഴുകിപ്പോയി അധികം മാലിന്യമുള്ള സ്ഥലത്ത് നിൽക്കുന്നുണ്ടങ്കിൽ അവർക്ക് അത് ശല്യമാവുകയും പോകുന്ന വഴികളെല്ലാം ദുർഗന്ധം പരത്തുകയും പിന്നെ എല്ലാവരും അവിടെ തന്നെ മാലിന്യം കളയുകയും അവിടെയുള്ള പരിസ്ഥിതി നശിക്കുകയും ചെയ്യുന്നു.*

# സ്വപ്നങ്ങൾ നിലച്ചുപോയ നിമിഷം

*Mariyam Shabna ,10C*

*ഇന്ന് നേരത്തേ സ്കൂൾ വീട്ടു അതിന്റെ സന്തോഷത്തിലാണ് മീനയും കൂട്ടുകാരും. ഇന്ന് മീനയുടെ പിറന്നാളായിരുന്നു. രാത്രി വീട്ടിൽ വലിയ ആഘോഷമുണ്ട്. കൂട്ടുകാരെയും കുടുംബകാരെയും നാട്ടുകാരെയും എല്ലാവരെയും ക്ഷണിച്ചുകയാണ്. അതും പ്രതീക്ഷിച്ച് അക്ഷമയോടേ കാത്തുനിൽക്കുകയാണവൾ സമയം വൈകി.... എനിക്ക് വീട്ടിൽ പോകണം കൂട്ടുകാരോട് യാത്ര പറഞ്ഞ അവൾ നടന്ന... വീട്ടിലെത്തിയപ്പോൾ അവിടെ ആഘോഷത്തിന്റെ എല്ലാ പ്രതീതിയുമുണ്ട്. വീടും പരിസരവും അലങ്കാര വസ്തുക്കൾ കൊണ്ടനിറഞ്ഞിരിക്കുകാണ്. ജില്ലാ ആശുപത്രി ഡോക്ടറായ ജയറാമിന്റെയും സ്കൂൾ അധ്യാപികയായ സുചിത്രയുടെയും എക മകളാണ് മീന. ഒരുപാട് വർഷങ്ങൾ നേർച്ചയും വഴിപാടും നടത്തിയതിനുശേഷം ദൈവം അവർക്ക് സമ്മനിച്ച കൺമണി. ഡോക്ടർക്കും ടീച്ചർക്കും മീനയെന്നുവെച്ചാൽ ജീവനാണ്. അവൾക്ക്വേണ്ടി അവർ എന്തും ചെയ്യും. അതുകൊണ്ട് വീട്ടുമുറ്റത്തെ അലങ്കാങ്ങൾ കണ്ടപ്പോൾ അവൾക്ക് പ്രത്യേകിച്ച് ഒരു അ..... തോന്നിയില്ല. ഇത് എല്ലാ വർഷവും നടക്കുന്നതു തന്നെയാണ്. ഒത്തിരി അഹ്ലാദത്തോടു കൂടി സ്വപ്നങ്ങൾ നെയ്തുകൂടി അവൾ അകത്തേക്ക് പ്രവേശിച്ചു. എല്ലാവരും തന്നെ പ്രതീക്ഷിച്ചിരിക്കുകയാണ്. നാട്ടിൽനിന്നെത്തിയ മുത്തശ്ശനും മുത്തശ്ശിയും അമ്മാവനും അമ്മായിയും കുഞ്ഞാവയും അങ്ങനെ നീളുന്നു ആ പട്ടിക. എല്ലാവരും അവൾക്ക് വേണ്ടി പ്രത്യേകം സമ്മാനങ്ങളും കൊണ്ടുവന്നിട്ടുണ്ട്. മീനൂട്ടിയുടെ ഒരു തകർപ്പൽ ഡാൻസ് ഞങ്ങക്ക് കാണണോട്ടോ, അമ്മായിയാണ് അങ്ങനെ പറഞ്ഞത്. അതിന്റെ മറുപടി മീനൂട്ടി ഒരു ചിരിയിലൊതുക്കി. കുളിച്ച്  പ......... വാ, എല്ലാവരും നിന്നെയും കാത്താണ് ഇത്ര സമയമിരുന്നത് അമ്മ ഓർമിപ്പിച്ചു. അവൾ വേഗം കുളിമുറിയിലെകോടി. അവൾ അപ്പോഴും തന്റെ സ്വപ്നങ്ങളുടെ വല നെയ്തുകൊണ്ടേയിരുന്നു...... മീനൂട്ടി ഇതുവരെ റെഡിയായില്ലേ? അച്ഛന്റെ ആ ശബ്ദം കേട്ടപ്പോൾ അവൾ വേഗം താഴേക്കോടി. കേക്ക് കട്ട് ചെയ്യാൻ റെഡിയായിരിക്കുകയാണ് തന്റെ ഒരു അഭാവം മാത്രമേ അവിടെയുള്ളൂ. അവൾ വേഗം പോയി ആ പ്രശ്നം പരിഹരിച്ചു. ഒത്തിരി സന്തോഷത്തോടു കൂടി എല്ലാവരും അവൾക്ക് ആശംസയും സമ്മാനങ്ങളും ഒക്കെ നൽകി. പുറത്ത് ചെറിയ തോതിൽ മഴ വെയ്യുന്നുണ്ട്, ചെറിയ കാറ്റുമുണ്ട്, അത്രവൂര്ച്ച മായ ആഘോഷങ്ങൾക്ക് ശേഷം എല്ലാവരും പിരിഞ്ഞു.*

*നല്ല നിലാവുള്ള രാത്രി..... വള്ളത്തോളിന്റെയും കുമാരനാശാന്റെയും ഓരോ വരികൾ മീനൂട്ടിയുടെ മനസ്സിൽ ഇങ്ങനെ കടന്നുവരികയാണ്. വലുതാകുമ്പോൾ തന്റെ നാടിനു വേണ്ടി സേവനം ചെയ്യുന്ന ഒരു കലക്ടറാകണം എന്നാണ് അവളുടെ ആഗ്രഹം. അതിനു വേണ്ടി എല്ലാവരുടെയും പിന്തുണ അവൾക്കുണ്ട്. അവൾ സ്വയം പരിശ്രമിക്കുന്നുമിണ്ട്. അതിനെ ക്കുറിച്ച് ചിന്തിക്കാനേ അവൾക്കേപ്പോഴും സമയമുള്ളൂ. മഴയുടെ ശക്തി കൂടിക്കൂടി വരികയാണ്. അതിൽ ലയിച്ച് അവളറിയാതെ തന്നെ അവൾ മയക്കത്തിലേക്ക് വീണു പോയി.*


*അമ്മേ......... എന്തോ ദുസ്വപ്നം കണ്ടാണ് പിറ്റേന്ന് അവൾ ഉണർന്നത്. അപ്പോഴും ശക്തമായ മഴ പെയ്തു കൊണ്ടേയിരിക്കുന്നു. എന്താണ് ഇതൊക്കെ അർഥമാക്കുന്നത് ? അപ്പോൾ താൻ കണ്ട സ്വപ്നം ഫലിക്കുമെന്നാണ് ചൊല്ല്. അതെങ്ങാനും സംഭവിച്ചാൽ അപ്പോൾ തങ്ങളുടെ ജീവൻ ? താൻ ഇത്രയും നാൾ ഉള്ളിൽ കൊണ്ടു നടന്ന ല്വപ്നങ്ങൾ, അതെല്ലാം വെള്ളത്തിലായിപ്പോകില്ലേ... ഈ വക ചിന്തകൾ അവളെ വേട്ടയാടികൊണ്ടയിരുന്നു. തങ്ങളുടെ വീട് മുങ്ങി നശിച്ച് അവർ തെരുവിലായിപ്പോകുന്നതായാണ് അവൾ സ്വപ്നം കണ്ടത്. താന് കണ്ട സ്വപ്നം സത്യമായിപ്പുലരുമെന്ന് മഴയുടെ ശക്തി കണ്ടപ്പോൾ അവൾ ഉറപ്പിച്ചു.*

*സമയം കുതിച്ചുകൊണ്ടയിരിക്കുന്നു.... താൻ ഇപ്പോൾ എവിടെയാണ് ?  മീനൂട്ടി കണ്ണ്*

*തുറന്ന് ചുറ്റും നോക്കി. ഇവിടെ തങ്ങൾ മാത്രമല്ല. നാട്ടിലെ എല്ലാവരുമുണ്ട്. എങ്ങും കൂട്ടക്കരച്ചിലുകൾ മാത്രം. മഴ തകർത്തു പെയ്യുകയാണ്. അതിന്റെ ശക്തി കൂടുന്നതല്ലാതെ കുറയുന്നില്ല. ഇത് ഞങ്ങളുടെ സ്കൂളാണല്ലോ, അവൾക്ക് കാര്യം പിടികിട്ടി ഒപ്പം മറ്റുള്ളവരുടെ സംസാരങ്ങളും കേൾക്കം അതിൽ നിന്ന് അവൾ കണ്ട സ്വപ്നം പുലർന്നതായി അവൾ സ്ഥിരീകരിച്ചു. അച്ഛന് ജനങ്ങൾക്കാവശ്യമായ പ്രാഥമിക ചികിത്സ ചെയ്യുകയാണ്. ഇന്നലെ വരെ ആർഭാടത്തിന്റെ കൊടുമുടിയിൽ ജീവിച്ചവർ ഒറ്റ നിമിഷം കൊണ്ട് ഓരിദ്രത്തിന്റെ പടുകുഴിയിലേക്ക് വലിച്ചറിയപ്പെട്ടിക്കുന്നു. തന്റെ സ്വപ്നങ്ങളെല്ലാം ഇവിടെ നിലച്ചുപോയോ? മീനൂട്ടിയുടെ ഉള്ളിൽ സംശയത്തിന്റെ തിരമാലകൾ ഉഴുകാൻ തുടങ്ങി, ഇത്രയും നാൾ താൻ നെഞ്ചിലേറ്റി നടന്ന തന്റേതു മാത്രമായ സ്വപ്നങ്ങൾ. അതെല്ലാം ഒറ്റ നിമിഷം കൊണ്ട് ഇല്ലാതാകാൻ പോകുന്നു. തനിക്ക് ചുറ്റും ഇപ്പോൾ കേൾക്കുന്നത് വിലാപങ്ങൾ മാത്രം എന്തിനിതൊക്കെ സംഭവിച്ചു? ആനിമിഷത്തെ അവൾ അറിയാതെ ശപിച്ചു പോയി. ആ ദുരിതാശ്വാസ ക്യാമ്പിൽ ചുറ്റും കൂടിയിരിക്കുന്നവരെ അവളോന്ന് തലയുയർത്തി നോക്കി. തകർന്നടിഞ്ഞ കുറെ സ്വപ്നങ്ങളാണ് അവരുടെ മുഖത്തുനിന്നും അവൾക്ക് വായിച്ചെടുക്കാനായത്. തേങ്ങലുകൾ കൊണ്ട് ആ കെട്ടിടം തന്നെ വിറക്കുകയാണ്. ദരിദ്രനെന്നോ ധനികനെന്നോ ഇവിടെയില്ല. എല്ലവരും സഹോദരന്മാർ. ഇതെല്ലാം ദൈവവധി....... ഇതെല്ലാം സംഭവിച്ചിത് നല്ലതിനു വേണ്ടിയാണെങ്കിലോ?.... അവൾ സമാധാനിച്ചു. അത് അവളിൽ പുഞ്ചിരി വളർത്തി, അങ്ങനെ തന്റെ ല്വപ്നങ്ങളുടെ വല അവൾ വീണ്ടും നെയ്യാൻ തുടങ്ങി.......*

# Drawing

*Charan Kumar B*



# മനുഷ്യർ മാത്രമുള്ള മലയാളം

*Ayshath Hashira,10 D*

പ്രകൃതി ദുരന്തം. ആ വാക്ക് കേരളീയർക്കന്നൊരു പുത്തരിയല്ല. ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊകം.. കേരളം ക്ഷീണിച്ച് കഴിഞ്ഞു. പ്രകൃതി അതിന്റെ ഏറ്റവും ക്രൂരഭാവം കേരളത്തിന് കാണിച്ച് കൊടുക്കാൻ മുടിയഴിച്ച് താണ്ഡവമാടുന്നു.

കേരളം ദൈവത്തിന്റെ സ്വന്തം നാട്. പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമായിക്കിടക്കുന്ന നാട്. അതിന്റെ വൈവിധ്യമാർന്ന സംസ്കാരവും പ്രകൃതിഭംഗിയും സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിച്ചു. എല്ലാ.റ്റിനു കേരളീയജനതയുടെ ഐക്യബോധമായിരുന്നു കാരണം അവരുടെ അല്ല നമ്മുടെ പ്രത്യേക. പ്രകൃതിയെ കുടുംബത്തിലെ ഒരംഗത്തെപ്പോലെ കരുതിപ്പോന്നിരുന്ന മലയാളികൾ വസിച്ചിരുന്ന നാട്. ഇവിടെ മനുഷ്യൻ പ്രകൃതിയെ സേവിച്ചിരുന്നു. മനുഷ്യൻ പ്രകൃതിയേയും. ഇവിടെ മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിൽ ഐക്യബോധമുണ്ടായിരുന്നു. ജാതിവ്യവസ്ഥ നിലവിലുണ്ടായിരുന്നെങ്കിലും ആ വ്യത്യാസം അവരുടെ മനസ്സിൽ കൂടുതൽ ഐക്യ ബോധം സൃഷ്ടിച്ചു. ഇവിടെ മനുഷ്യൻ പ്രകൃതികുള്ളതായിരുന്നു, പ്രകൃതി മനുഷ്യനും.

എന്നാൽ കാലം ഈ ഐക്യബോധത്തെ അവരിൽ നിന്ന് എടുത്തുകളഞ്ഞു. അവരെല്ലാം മറന്നു. പൂർവ്വികർ പ്രാകൃതരായിരുന്ന കേരളത്തിൽ പരിഷ്കാരികൾ ജനിച്ചു. പരിഷ്കാരം അവരെ അത്യാർത്തികളാക്കി.അവരിലെ ആദർശങ്ങൾ, അവരെ അവരാക്കിയ അവരുടെ പാരമ്പര്യം, എല്ലാം കണ്ണടച്ചു ഉറങ്ങി. അവർ പരിഷ്കാരികളാകു.ന്തോറും. പ്രകൃതി അവഗണിക്കപ്പെട്ടു കൊണ്ടേയിരുന്നു. പ്രകൃതിയെ ചൂഷണം ചെയ്തു, ഭീഷണിപ്പെടുത്തി. അവൾ, പ്രകൃതി പഴഞ്ചതായായി. അവളിൽ നിന്ന് രക്തം ഊറ്റിക്കുടിച്ചു. എന്നാൽ അവളെ ആരും പരിചരിച്ചില്ല. അവർ ഉപദേശിച്ചു. കേട്ടില്ല കരഞ്ഞു. കേട്ടില്ല. കരഞ്ഞ് വറ്റിയ കണ്ണുകൾ ആളിക്കത്താൻ തുടങ്ങി. അതെ പ്രകൃതി പകവീട്ടുകയാണ്. മഴ അതിന്റെ ഉച്ചസ്ഥായിയൽ പെയ്തു. മനുഷ്യൻ വ്യാകുലരായി. വീണ്ടു വീണ്ടു മഴ പെയ്തു. അതെ, പ്രകൃതി കരഞ്ഞു.

ജലംകാൽക്കാൽ എത്തിയതുകണ്ട് ജനംപകച്ചു. പിന്നെ വെള്ളം തല വരെയത്തി. അവസാനെ നിർത്തിയില്ല. പ്രകൃതിയുടെ അതിന്റെ താണ്ഡവം നിർത്തിയില്ല. പ്രകൃതിയുടെ ഈ അളക്കത്തലിൽ 350 ൽ കൂടുതൽ ജനങ്ങൾ മരണപ്പെട്ടു. 3000 ത്തിൽ കൂടുതൽ ദുരിതാശ്വാസക്യാമ്പുകൾ ആരംഭിച്ചു. എത്രയോ പേർ അനാഥരായി. 530 ൽ പരം ഉരുൾപ്പൊട്ടലുകളുണ്ടായി. പിന്നെ ഓറഞ്ച് അലേർട്ട്, എല്ലോ അലർട്ട്, റെഡ് അലർട്ട്...... രക്ഷാപ്രവർത്തനങ്ങൾ.... ഉന്ത്യൻ മിലിട്ടറി... ഇന്ത്യൻ നാവി.... കേരളീയന് ഒരിക്കലും മറക്കാൻ പറ്റില്ല ഇതൊന്നു.

എന്നാൽ ഇത്രയോക്കെ സംഭവിച്ചിട്ടും സംഭവത്തിന്റെയൊക്കെ കേന്ദ്രം സ്ഥിതി ചെയ്യുന്നത പ്രളയത്തിന്റെ ഈ ക്രൂരതയിലല്ല. ഇതിന് ശേഷം എന്ത് സംഭവിച്ച ?

അച്ചൻ അമ്മമാർ, കുട്ടികൾ, വിദ്യാർഥിക്കൾ, ഭാര്യ, ഭർത്താക്കമാർ.... ഇവരൊക്കെ എന്ത ചെയ്തു ? 1000 ത്തോളം പേർ ഏതെങ്കിലും ദുരിത്വശ്വാസക്യാമ്പുകളിൽ ശ്വാസം മുട്ടുമ്പോൾ അവർഅവരുടെ ഉറങ്ങക്കിടന്ന ബാധത്തെ ഉണർത്താതിരിക്കുമോ ?

അതെ, അവിടെയുദിച്ചു മലയാളികളുടെ ഐക്യബോധം കരയുന്ന മലയാളികൾക്ക് തണലായി മലയാളികൾ തന്നെ അവർ തളർന്നില്ല. ഇതവരുടെ തിരിച്ച് വരവാണ്. മലയാളികളുടെ രണ്ടാം ജന്മമാണ്. ഉയിർത്തെഴുന്നേൽപ്പാണ്. ഉറങ്ങിക്കിടന്ന ബോധം ഉണർന്നപ്പോൾ അവരതിനെ തലോടി.

*അനേകം, റോഡുകൾ, പാലങ്ങൾ.... എല്ലാം തകർന്നിരുന്ന വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടിട്ടും മറ്റുള്ളവരുടെ സ്നേഹം അവർക്ക് വെളിച്ചമേകി.*

*കേന്ദ്ര ഗവൺമെന്റെ... കേരള ഗവൺമെന്റെ... മലയാളികളെ ഉണർത്തി. മറ്റു സംസ്ഥാനങ്ങൾ കൂട പിടിച്ചു. മറ്റു രാജ്യങ്ങൾ സാന്ത്വനമേകി. കേരളം ഉണർന്നു.*

*അവരുണർന്നത് പ്രളയ ദുരിതത്തിൽ നിന്നാണ് എന്നതിനേക്കാൾ അവരുണർന്നത് മനുഷ്യത്വത്തിലേക്കാണ് എന്ന് പറയുന്നതായിരിക്കും കൂടുതൽ ഉചിതം.*

*ആയിരത്തോളം പേർ അടങ്ങുന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ പണക്കാരനുണ്ടായിരുന്നില്ലേ ? പാവപ്പെട്ടവനുണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. ഹിന്ദുവും മുസൽമാനുമുണ്ടായിരുന്നു. ബ്രാഹ്മണനും ക്ഷൂദ്രനുമുണ്ടായിരുന്നു സ്ത്രീകളും പുരുഷന്മാരുമുണ്ടായിരുന്നു. എന്നാൽ അന്ന് അവർ തിരിച്ചറിഞ്ഞു. അവർ മനുഷ്യരാണെന്ന്. അവർ കേരളിയരാണന്ന്.*

*നവകേരളം സൃഷ്ടിക്കാൻ ഇന്നല്ലാരുമുണ്ട്. റോഡുകളും പാലങ്ങും ഭംഗിയോടെ പണിയുന്നു. കുട്ടികൾ ഇന്ന് കൂടുതൽ ഊർജുസ്വലതയോടേ സ്കൂളുകളിൽ പോകും അവർക്ക് പുസ്തകമില്ലെങ്കിലെന്താ... അവർ ഒന്നിച്ചല്ലേ ? സ്ഥാപനങ്ങൾ പണിയുന്നു. തൊഴിലാളികൾ ലഹരിയിലാണ് ഐ്യബോധത്തിന്റെ ലഹരിയിൽ.*

*എന്നാലും, പൂർണ്ണമായി മനുഷ്യർ മനസ്സിലാക്കിയിട്ടില്ല. പ്രളയദുരിതം കെട്ടടങ്ങിയതേയുള്ളു. ഒരു നവകേരളം പണിതുയർത്താൻ പങ്കാളികളാവേണ്ട സമയത്ത് രാഷ്ട്രീയ താൽപര്യങ്ങൾക്ക് പിന്നാലെ ഓടി അവരുടെ ഊർജം നശിപ്പിക്കുകയാണ് ഇന്ന് പലരും.*

*മനുഷ്യൻ എന്ന ഒറ്റ വർഗമേയുള്ളു ' മനുഷ്യൻ '* എന്ന വാക്കിന്റെ അർഥ തലത്തിനുള്ളിൽ ഒരു ജാതിയും ഒരു മതവും ഒരു വ്യത്യാസവും നിലനിൽക്കുന്നില്ല. അതിന് പ്രസക്തിയില്ല്. നമ്മളെല്ലാം ഒന്നാണ്. പ്രകൃതിയും നമ്മുടെ കുടുംബാംഗമാണ്. നമുക്കൊന്നിക്കാം, പ്രകൃതിയെ സംരക്ഷിക്കാം.... കൂട്ടായി പ്രവർത്തിക്കാം. നവകേരളത്തെ പടുത്തുയർത്താം ജാതിമില്ലാത്ത, മതമില്ലാത്ത, വർഗമില്ലാത്ത മലയാളികൾ മാത്രമുള്ള മലയാളത്തെ.

# AN UNFORGETTABLE DAY IN MY LIFE 23/06/2018

*Mubashira K A ,X C*

23/06/2018 is a memorable day in my life. Azeez Methadi, a psychologist took a motivation class. That class was more inspiring. Azeez sir was very brilliant, without seeing he said the twenty names of things in their correct order. He said “I can say 100 names of things”, he was an amazing person. I didn't got motivation class of this kind before. He said many examples, the person's who reached to success, Life of Socrates, Johing Masthqul, Edisonetc I got message really 'what the failure is.....' . He is a psychologist who touched the heart of every audience. He gave self confidence, to reach to our aim, and realise our dreams. When i reached home my mother told “Today's class was very fantastic, surely his class inspired me to realise my dream, daughter study well, we should take a decision to realise your dream ”. I inspired today from her word's also.

I am so kind to Madhava Sir, because he brought Azeez Sir in front of us. Madhava Sir's idea was very good, and surely it makes a change in every child and every parent's mind. I implore to Madhava Sir to bring Azeez Sir again to school.

Today was my unforgettable day, got many inspiration and Sir opened a new world in front of me.....

# ಚಿತ್ರ ರಚನೆ

ಅನಿಲ್ ಕುಮಾರ್ 5 ಎ



# പരിസ്ഥിതി സംരക്ഷണം

*Shadiya. A. S , 6C*

പരിസ്ഥിതി സംരക്ഷണം ഈ ലോകത്ത് ജീവിക്കുന്ന ഓരോ പൗരന്റെയും കടമയാണ്. പരിസ്ഥിതി സംരക്ഷണം നമുക്ക് വളരെ മുഖ്യമായ ഒന്നാണ്. അതിനു വേണ്ടി നമ്മുടെ രാജ്യമായ ഇന്ത്യയും സംസ്ഥാനമായ കേരളവും പല പദ്ധതികൾക്കും തുടക്കമിട്ടുണ്ട്. സ്വച്ഛ് ഭാരത്, സ്വച്ഛതാ ഹി സേവ എന്നിവ അവയിൽ ചിലതാണ്. ശുചിത്വ മിഷൻ, ഹരിത കേരളം, ക്ലീൻ കേരള എന്നിവ കേരളത്തിലെ പദ്ധതികളിൽ പെട്ടതാണ്. നാം നിത്യവും എത്ര പ്ലാസ്റ്റിക്കാണ് വലിച്ചെറിയുന്നത്. അതിനെക്കുറിച്ചാലോചിച്ചുനോക്കിയാൽ നമ്മുക്ക് മനസ്സിലാവും. അത് എത്ര മോശമായ കാര്യമാണ് എന്ന്. നമ്മുടെ മണ്ണിനെ ഏറ്റവും കൂടുതൽ നശിപ്പിക്കുന്നത് പ്ലാസ്റ്റിക്കാണ്. പ്ലാസ്റ്റിക് നിയന്ത്രണത്തിന് പല വഴികളുണ്ട്. പ്ലാസ്റ്റിക് പഞ്ചായത്ത് തലത്തിൽ കൈ മാറി പുനർനിർമ്മിക്കുന്നത് നമുക്ക് ചെയ്യാനാവുന്ന ഏറ്റവും നല്ല വഴിയാണ്.

നാം കാണുന്ന പരിസ്ഥിതി പച്ചപ്പകളാൽ നിറഞ്ഞതാണ്. വലിയ മരവും, ചെറിയകുറ്റിച്ചെടികളും, മരങ്ങളും പിന്നെ എന്തിനാണ് നമ്മൾ ഈ മനോഹരമായ പരിസ്ഥിതിയെ ചീത്തയാക്കുന്നത്?നാം എപ്പോഴും പരിസ്ഥിതിയെ സൂക്ഷിക്കേണ്ടത് നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. പുഴകളാൽ അലങ്കൃതമായതാണ് പരിസ്ഥിതി. അപ്പോൾ ഒരിക്കലും നാം പുഴകളെ വൃത്തികേടാക്കരുത്. പുഴകളിൽ പ്ലാസ്റ്റിക് വലിച്ചറിയുന്നതു മൂലം പല പ്രശ്നങ്ങളാണ് നാം നേരിടുന്നത്. പരിസ്ഥിതി നമ്മുടെ അമ്മയ്ക്ക് തുല്യമാണ്. വയലുകൾ നാം നശിപ്പിക്കുന്നത് വശ്യതയാർന്ന ഈ പരിസ്ഥിതിയെ നശിപ്പിക്കുന്നതിന് തുല്യമാണ്. ഹരിത കേരളം എന്ന മിഷൻ ഉദ്ദേശിക്കുന്നതും അതാണ്. വയലുകളും മറ്റും ഉണ്ടായ കാലം എത്ര മനോഹരമായിരുന്നു. പക്ഷെ ഇപ്പോൾ അത് നമ്മുക്ക് കാണാനെ പറ്റുന്നില്ല. എവിടെ നോക്കിയാലും ഫാക്ടറികളും മറ്റും തിങ്ങി നിറഞ്ഞിരിക്കുന്നു. മണ്ണ് ശുദ്ധിയില്ലാത്തതായിരിക്കുന്നു. എന്തിന് നമ്മുടെ വീടിന്റെ പരിസരം പോലും അശുദ്ധിയായിരിക്കുന്നു. വീടിലെ മാലിന്യനിർമാർജനത്തിനായി പല വഴികളും നിർദേശിക്കാനാവുന്നതാണ്. ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് എന്നിവയൊക്കെ അതിൽപ്പെട്ടതാണ്. പരിസരം വൃത്തിയാക്കുന്നതിൽ നാം സ്കൂളിനേയും ഉൾപ്പെടുത്തേണ്ടതാണ്. ഗാന്ധിജി ശുചിത്വത്തന് വേണ്ടി ധാരളം പ്രയത്നിച്ച ഒരു മഹാ വ്യക്തിയാണ്. അദ്ദേഹം ശുചിത്വതിന് വലിയ പ്രാധാന്യം കൊടുത്തിരുന്നു. അതു കൊണ്ടാണ് ഒക്ടോബർ-2 ശുചിത്വദിനമായി കൂടി ആചരിച്ചു വരുന്നത്. ശുചിത്വം എല്ലാവർക്കും പ്രധാനപ്പെട്ടതാണ്. പരിസ്ഥിതി സംരക്ഷണത്തിൽ ഭൂമിലുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെട്ടു ഭക്ഷണം കഴിച്ചു കഴിഞ്ഞ് വേസ്റ്റ് ഉപേക്ഷിക്കുന്നതിനായ് നമുക്ക് ഒരു മാർഗമുണ്ട്.ഒരു കുഴിയിൽ വേസ്റ്റ് നിക്ഷേപിച്ചാൽ മതി. അങ്ങനെ മണ്ണിൽ ലയിക്കുന്ന ഏത് ഉൽപന്നവും ഈ മാർഗത്തിലുടെ നമുക്ക് ഉപേക്ഷിക്കാം. പ്ലാസ്റ്റിക് നാം ഒരിക്കുലും കത്തിക്കരുത്. അതിലുടെ വരുന്ന ദുർഗന്ധം കാൻസറിന് വരെ കാരണമായേക്കാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

മനുഷ്യന്റെ പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് പല പ്രകൃതി ദുരന്തങ്ങൾക്കും കാരണമാവുന്നത്. പ്രളയം വന്നതും ഈകാരണത്താലാണ്. പരിസ്ഥിതിയെ നശിപ്പിക്കുന്നത് ഒരു പക്ഷെ നാം ചെയ്യുന്നതിൽ ഏറ്റവും വലിയ കുറ്റകരമായിത്തീർന്നേക്കാം. കാരണം പരിസ്ഥിതി നശിപ്പികുന്നത് കാരണം പ്രകൃതി മലിനമാകുന്നു. അത് പലതരത്തിലുള്ള അണുബാധയ്ക്കും മാരഗരോഗങ്ങൾക്കും കാരണമായിത്തീരുകയും ചെയ്യുന്നു. മാലിന്യം നമ്മുക്ക് ആപത്താണ്. മാലിന്യം കാരണം വരുന്ന പ്രശ്നങ്ങൾക്ക് കണക്കില്ല. വേസ്റ്റ് നമ്മുക്ക് വേസ്റ്റ്ബോക്സിൽ നിക്ഷേപിക്കുന്നതിന് പുറമേ മുകളിൽ പറഞ്ഞ കാര്യങ്ങൾ ചെയ്യാം, നമ്മക്ക് മിഠായിയും മറ്റും തിന്നാമെങ്കിൽ പിന്നെന്തേ അതിന്റെ കവർ ഉപേക്ഷിച്ചു കൂടാ എന്ന് ചോദ്യവും ഏവർക്കുമിടയിൽ ഉയർത്തുന്ന ചോദ്യമാണ്. മാലിന്യം നമ്മുക്ക് ഉപേക്ഷിക്കാം. പുതിയ ഒരു തലമുറയക്ക് ജൻമം നൽക്കാം. പരിസ്ഥിതി ശുചിത്വം ജീവിതത്തിന്റെ ഭാഗമാക്കാം.

# പ്രകൃതിയും വിദ്യാർത്ഥികളും

**ശ്രദ്ധ എസ് പാർവ്വതി,6 ബി**

പ്രകൃതി നമ്മുടെ അമ്മയാണെന്ന് പണ്ടു തൊട്ടെ പുസ്തകത്താളുകളിൽ നിലനിന്നിരുന്ന പണ്ടിതു വയിച്ചു നമ്മളല്ല ഇപ്പോഴത്തെ നമ്മൾ. നാം ഒരുപാട് മാറിയിരിക്കുന്നു. അന്ന് നമ്മൾ അതു വായിക്കാൻ കല്പിച്ച മനസ്സുപോലും നമുക്കിന്ന് നഷ്ടപ്പെട്ടു കഴിഞ്ഞു. മനുഷ്യത്വമെന്താണെന്ന് നമ്മൾ മറന്നു കഴിഞ്ഞു. ഇതിലൂടെ നമുക്കൊത്തിരി മാറ്റം വന്നുവെങ്കിലും നമ്മളിധിതികം മാറ്റം വന്നു കഴിഞ്ഞത് പ്രകൃതിക്കാണ്. നമ്മുടെ അമ്മയ്ക്ക്.

നമ്മുടെ സ്വന്തം അമ്മയെ സംരക്ഷിക്കുന്നതുപോലെ പ്രകൃതിയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. സംരക്ഷണത്തിനുപരി ഇന്ന് നമ്മൾ പ്രകൃതിയെ ചൂഷണം ചെയ്യുന്നു.

ഇത്രയും കാലം പ്രകൃതി കോപം അടക്കിവച്ചപോലെ ഇനിയും അതുപോലെ ഭാവിക്കാൻ താത്പര്യമുണ്ടാകണമെന്നില്ല. പ്രകൃതി ചിലപ്പോൾ ഇങ്ങോട്ടും അടിച്ചിടാം. കോപിക്കാം. അതിനുദാഹരണമാണ് കേരളക്കര സാക്ഷിയായ ഈ യിടെ വന്നുപോയ പ്രളയം. ഈ വക കാര്യങ്ങൾ മുന്നോട്ടു പോയാൽ ഭൂമിൽ ഇനിയാരും പ്രളയം കാണാൻ ബാക്കിയുണ്ടാവില്ല.

പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള എല്ലാ മുന്നറിയിപ്പുകളും വിദ്യാലയം മുതൽ ഓരോ വീടുകളിലും, സ്ഥാപനങ്ങളിലും അതത് ഉദ്യോഗസ്ഥർ നൽകി കഴിഞ്ഞു.

ഒരോ വിദ്യാർത്ഥിയേയും മുൻനിർത്തികൊണ്ട് നമുക്ക് പ്രകൃതിസംരക്ഷണം നടപ്പിലാക്കാം. കാരണം ഓരോ വിദ്യാർത്ഥി നന്നാകുമ്പോൾ ഓരോ സ്കൂളും ഓരോ സമൂഹവും സൃഷ്ടിക്കപ്പെട്ടേക്കാം. അങ്ങനെ പ്രകൃതിസംരക്ഷണം എന്നയജ്ഞം ഓരോരാൾക്കും നടപ്പിലാക്കാൻ കഴിഞ്ഞേക്കാം.

ഇന്ന് കാണുന്ന പ്രകൃതിയെയാണ് നാളെ കണ്ടന്നതെന്ന് നമ്മൾ എന്നും ഓർമിക്കണം. പ്രകൃതി എന്നും ഇങ്ങനെ കോപം അടക്കി വച്ചിരികുമെന്ന് അരും കരുതരുത്.

നമുക്കിന്ന് പ്രകൃതിയെ കാണാൻ കഴിഞ്ഞേക്കാം അത് നമ്മുടെ പഴയ തലമുറയുടെ പ്രവർത്തനഫലമായാണ്. നമ്മുടെ വരും തലമുറകൾക്കും ഇതു പകരാനായി നാം നമ്മുടെ പ്രകൃതിയെ സംരക്ഷിക്കക അവരും അറിയട്ടെ പ്രകൃതി എന്ന അമ്മയുടെ ചൂട്.

പ്രകൃതി സംരക്ഷണത്തിനായ് നാം ആദ്യം ചെയ്യേണ്ടത് പ്രകൃതിയെ മാലിന്യമുക്തമാക്കക എന്നതാണ് മാലിന്യമുക്ത മായാൽ തന്നെ പ്രകൃതി ഭാഗിഗമായി രക്ഷപ്പെട്ടു കഴിഞ്ഞു എന്നാണർഥം. പിന്നീട് മരം മുറിക്കുന്നതു പോലെയുള്ള ചൂക്ഷണങ്ങളെനമുക്ക് ഒഴിവാക്കേണ്ടതുണ്ട്. അവയെ കഠിനമായി തടയണം.

ഓരോ പൊതുവിദ്യാലയത്തിലും ഓരോ വിദ്യാർത്ഥിയും പ്രകൃതി സംരക്ഷണത്തിനായും പ്രകൃതി ചൂഷണത്തിനെതിരെയായും ശക്തമായ പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. അങ്ങനെ മേലുദ്യോഗസ്ഥരുടെ കണ്ണുതുറപ്പിക്കണം. പ്രകൃതി സംരക്ഷണം എന്ന യജ്ഞം വിജയികരമായി പൂർത്തിയാവുകയും ചെയ്യും. അതുകൊണ്ടുതന്നെ ഓരോ വിദ്യാർത്ഥികളെ മുൻ നിർത്തിവേണം നാം പ്രകൃതി സംരക്ഷണം എന്ന യജ്ഞം പൂർത്തീകരിക്കാൻ.പ്രകൃതി സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ അമ്മയെപ്പോലെ നമുക്കെത്രയെല്ലാം സൗഭാഗ്യങ്ങൾ തന്നിട്ടും ക്രൂരതയുടെ കരങ്ങളാണ് നാം സമ്മാനിക്കുന്നത്.

പ്രകൃതി ചൂഷണങ്ങളെ ശക്തമായി എതിർക്കുകയും പ്രകൃതി സംരക്ഷണത്തെ പിൻതാങ്ങുകയും ചെയ്താൽ നമ്മുക്ക് പ്രകൃതി സംരക്ഷണം എന്ന സ്വപ്നത്തെ വിജയിപ്പിക്കാം പ്രകൃതി എന്ന അമ്മയെ വീണ്ടും തിരിച്ചു കൊണ്ടുവരാം. പ്രകൃതിയെ കോപിപ്പിക്കാതിരിക്കാം. വരും തലമുറയ്ക്ക് വേണ്ടി പ്രകൃതിയെന്ന അമ്മയെ കരുതി ചയ്ക്കാം.

# നിലം പൊത്തിയ കൂട്

Mariyam shabna,10C

എരിയുന്ന തീക്കനൽ\
കത്തിജ്ജ്വലിക്കും ആദിത്യ കിരണങ്ങളാൽ
എന്തേ മലരേ നീ വാടിത്തളർന്നു
വീണ്ടുമവളത് ആവർത്തിക്കുന്നു
എനിക്കു പോകണം
കൂട്ടുകാരുമൊത്തുല്ലസിക്കണം
ഈ യാത്ര വർണ്ണസുരഭിലമാക്കണം

എങ്ങോട്ടു പോയാലും കേൾക്കുന്ന
മറുപടി, നീയൊരു പെണ്ണാണ്...
സ്വയംഏറ്റു വാങ്ങുന്ന ലഹരികൾ
വിനയാകുന്നത് നിനക്കാണ്...

ഈ പ്രപഞ്ചമെന്താ...
ആരുടെയെങ്കിലും സ്വന്തമാണോ
തുല്യ നീതിയോടെ ദൈവ മ-
യക്കുന്ന സൃഷ്ടികളെ വേർത്തിരിക്കുന്നതോ മിർഥ്യൻ

അപ്പോഴും പെണ്ണിന്റേയുള്ളിൽ
എരിയുന്ന തീ കനൽ അവൻ
കാണ്മാനില്ല........
അല്ലെങ്കിലും മധു നുകരുന്ന പൂ-
മ്പാറ്റക്കെന്തറിയാം പൂവിന്റെ വേദന

എന്നും അവളുടെയുള്ളിൽ
രോദനം നിറയുന്ന മർഥ്യാ
നീ കരയും ദൈവമെന്ന
ന്യായാധിപൻ ധർമ്മമാണെങ്കിൽ

തിരു നയനങ്ങളിൽ നിന്നുതീരും
അശ്രുകണങ്ങൾ കാണ്മാനില്ലേ
തകർന്നടിയുന്ന പെണ്ണിന്റ സ്വപ്നത്തിനു
നീയും സാക്ഷിയല്ലേ...

അവളുടെ മനം എരിയുന്ന
തീകനൽ പോലെയാ-
ക്കിയതും നീ അല്ലേ...

ഇതെങ്ങനെ സാധ്യമാകുന്നു

നിലം പൊത്തിയ കൂട്ടിൽ
കരയുന്ന പക്ഷിയേ പോലെ
ഏകയായി അവളും
തേങ്ങുന്നു...

എരിയുന്ന ഈ തീകനലിൽ
നിന്നും അവളെ കൈപിടിച്ചുയർത്താൻ
ആശ്വാസ വാക്കുകളേക്കാൾ
ആരാണുള്ളത്?

അനർഘ നിമിഷത്തിൽ
വന്നു ചേരുന്ന സുഹൃത്ത്
ഇനിയങ്ങാണ് അവൾക്കെല്ലാം
എല്ലാം....


എന്തിനടിച്ചമർത്തുന്നു
പെൺ സ്വപ്നങ്ങളെ...
മായാത്ത,എരിയുന്ന തീ കനലായ്
എന്നുമതവളിലുണ്ട്...

അവൾ അമ്മയാണ്,കൂടപ്പിറപ്പാണ്
ഗുരുവാണ് ദൈവമാണ്
എന്നിട്ടും തകർത്തെറിയപ്പെടുന്നു
പെൺ ഹൃദയങ്ങൾ...

എന്തിനീ കൊടും ക്രൂരത
മലരിന് മനമൊന്ന്നൊന്താൽ
നിന്റെ യാത്ര നീ എങ്ങനെ
സഫലമാക്കും?


# ಚಿತ್ರರಚನೆ

ವಿಜಯಶ್ರೀ ಎ 8 ಎ



# ಚಿತ್ರರಚನೆ

ವೈಶಾಖ್ ಎ ಎಸ್




# Drawing

*Navya D 9C*




# ಚಿತ್ರ ರಚನೆ

*ಪುನೀತ್ ಪಿ ಕೆ,7 ಎ*




# Drawing

*Raza,7B*



# ಚಿತ್ರರಚನೆ



*ಶ್ರೀಜಿತ್ ಬ ,7 ಎ*


# ಚಿತ್ರರಚನೆ

*ಶ್ರೀನಿತ್,7 ಎ*




# ಚಿತ್ರರಚನೆ

*ಶ್ರೀಜಿತ್ ಸಿ ಎಂ,7 ಎ*




# ಚಿತ್ರರಚನೆ

ಶ್ರೀಜಿತ್



# ಚಿತ್ರ ರಚನೆ

*ಸಮೀಕ್ಷ ಕೆ,10 ಎ*



# സോഷ്യൽ നെറ്റ്‌വർക്ക് മീഡിയയും കുട്ടികളും

Shafa Athulla 10D

സാങ്കേതികവിദ്യ മാനംമുട്ടെ വളർന്ന് കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മുടെ കുട്ടികൾ ഇന്ന് ജീവിക്കുന്നത്. സ്കൂൾ കുട്ടികളുടെയും ജീവിത രീതിയിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ഘടകം ഏതാണെന്ന് ചോദിച്ചാൽ അത് സോഷ്യൽ മീഡിയ തന്നെയാണ്.ഇന്റെർനെറ്റിന്റെയും സോഷ്യൽമീഡിയ വർക്കിങിന്റെയും ഉപയോഗം ഗുണദോഷ സമ്മിശ്രമാണ് എങ്കിലും ഉപയോഗത്തിൽ മിതത്വം പാലിച്ചില്ലെങ്കിൽ ഗൗരവപൂർണ്ണമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കിയേക്കാം. സാമൂഹികമായ ആശയ വിനിമയം സാധ്യമാക്കുന്ന ഏത് സൈറ്റും സോഷ്യൽമീഢിയ നെറ്റ് വർക്കിങിൽ പെടും. ഫേസ്ബുക്ക് ,ട്വിറ്റർ ,സെക്കന്റ് ലൈഫ്,ലിങ്കിൻ വീഡിയോ സൈറ്റായ യൂട്യൂബ്,ബ്ലോഗുകൾ ഇവയൊക്കെ ഈ ഗണത്തിൽ പെടും. ഈയടുത്ത് അമേരിക്കൻ നാടുകളിൽ നടത്തിയ ഒരു സർവേ പ്രകാരം കൗമാരക്കാരിൽ 22 ശതമാനം പേരും ദിവസത്തിൽ 10 പ്രാവിശ്യത്തിൽ കൂടുതൽ തങ്ങളുടെ ഇഷ്ടപ്പെട്ട സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകളിൽ കയറുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.50 ശതമാനത്തിൽ കൂടുതൽ പേരും ദിവസേന ഒരു തവണയിൽ കൂടുതൽ ഇത്തരം സൈറ്റുകൾ സന്ദർശിക്കുന്നവരാണെത്രേ. കുട്ടികളിൽ 75% പേരും മൊബൈൽ ഫോൺ ഉപയോഗിക്കിന്നവരും ഇവരിൽ തന്നെ 25% പേരും മൊബൈൽ വഴി ഇത്തരം സൈറ്റുകൾ കയറുന്നവരുമാണ്.

ആശയവിനിമയ പാടവം വർധിപ്പിക്കുക, പുതിയ കാര്യങ്ങൾ പഠിക്കുക എന്നീ കാര്യങ്ങൾ ഇത്തരം സൈറ്റുകളുടെഉപയോഗത്താൽ കുട്ടികൾക്ക് കിട്ടുന്ന ഗുണങ്ങളാണ്. സൂക്ഷിച്ചുപയോഗിച്ചാൽ പഠനത്തിന്റെ ഭാഗമായ പ്രൊജക്റ്റുകൾ തയാറാക്കുന്നതിനും സർഗാത്മകമായ കാര്യങ്ങളും വികസനത്തിനും നവ കുട്ടികളെ സഹായിക്കുന്നു .

<u>ഇരുണ്ട വശങ്ങൾ</u>

ശാരീരിക വളർച്ചയിലെ വേഗതക്കൊപ്പമെത്താത്ത മാനസീക വളർച്ചയും തൽ ഫലമായി ഉണ്ടാകുന്ന പക്വത യില്ലായിമയും കുട്ടികളെ തിന്മയിലേക്ക് വലിച്ചെറിയുന്നു. കണ്ടുപിടിച്ച് വരുമ്പോഴേക്ക് അവർ ഇത്തരം ചതിക്കുഴികളുടെ ആഴങ്ങളിലേക്ക് ആണ്ട് പോയിട്ടുണ്ടാവും. പല അധോലോക ഗ്യാങ്ങുകളുടെയും സാമൂഹിക വിരുദ്ധ കൂട്ടായിമകളുടെയും തുടക്കം ഇപ്പോൾ ഇത്തരം സൈറ്റുകളിൽ നിന്നാണ് .സമാനസ്വഭാവക്കാരെ കണ്ടെത്താനും കൂട്ടുകൂടാനും അത്ര ഏറെ എളുപ്പമാണ്.ചാറ്റിങിലൂടെ പരിചയപ്പെട്ട് ഒടുവിൽ ഗുണ്ടകളുടെയും പ്ര ത്തേഗിച്ച് ജോലിയും കൂലിയും ഒന്നുമില്ലാതെ അലസന്മാരായി നടക്കുന്നവരുടെ കൂടെ

ഒളിച്ചോടി ജീവിതം തച്ചുടക്കുന്ന  കൗമാരക്കാരുടെ കഥകൾ നിരവധി നാം മാധ്യമങ്ങളിലൂടെ അറിയുന്നു. ചാറ്റിങ്ങും പിന്നാലെ ലൈംഗിക പര്യക്ഷണങ്ങളും ഒക്കേയായി നീളുന്നതാണ് കൗമാരക്കാർക്കിടയിലെ ഇത്തരം ബന്ധങ്ങൾ.

പഠനത്തിലെ പിന്നാക്കവസ്ഥയും  ആരോഗ്യ പ്രശ്നങ്ങളും

മദ്യത്തിന്റെയോ മയക്കുമരുന്നിന്റെയോ പോലെ അടിമത്തം സൃഷ്ടിക്കുന്ന ഒന്നാണ് ഇന്റെർനെറ്റ് ഉപയോഗം. മണിക്കൂറുകളോളം കംബ്യൂട്ടറിൽ നോക്കിയിരിക്കുന്ന കുട്ടിയിൽ കാഴ്ചയിലെ വൈകല്യങ്ങൾ മാത്രമല്ല, മാനസിക വൈകല്യങ്ങളും ഉണ്ടായേക്കാം. യഥാർത്ത ലോകവും ഫാന്റസിയും തമ്മിൽ ഇഴപിരിച്ച് കാണാൻ കഴിയാത്ത അവസ്ഥയിലേക്ക് കുട്ടി അതിവേഗം എത്തിപ്പെടുന്നു. ഇന്റെർനെറ്റിന്റെയും സോഷ്യൽ മീഡിയ നെറ്റ് വർക്കിന്റെയും ഉപയോഗം കുട്ടകളിൽ വിശാദരോഗം വരുത്തുന്നതായി പഠനത്തിൽ പുറത്ത് വന്നിട്ടുണ്ട്.

പരിഹാര മാർഗങ്ങൾ

ശരിയായ  ബോധവത്കരണമാണം തന്നെയാണ് ഫലപ്രദമായ മാർഗം.  സോഷ്യൽ മീഡിയ നെറ്റ് വർക്കിന്റെയും തന്മൂലം ഇന്റെർനെറ്റിന്റെയുംഅമിതമുപയോഗം മൂലമുള്ള ശാരീരികവും, മാനസികവുമായ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച്  രക്ഷിതാക്കളെയും, അധ്യാപകരെയും  ബോധവത്കരിക്കുകയും അവരിലൂടെ മറഞ്ഞിരിക്കുന്ന ദൂഷ്യ ഫലങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുകയും ചെയ്യേണ്ടിരിക്കുന്നു. ഇതിന് അടിമപ്പെട്ട് പഠനവൈകല്യങ്ങളും, വിഷാദവും ചിലപ്പോൾ അക്രമവാസനം പ്രകടിപ്പിക്കുന്ന കുട്ടകളെ കൗൺസിലിംങ് നടത്തപ്പെട്ട് വിദഗ്ത ചികിത്സ നടത്തേണ്ടി വന്നേക്കാം.

കൂട്ടുകാരുമായി വൈകിട്ട് കളികളിലും, വ്യായാമങ്ങളിലും ഇടപ്പെടുന്നവരും, വീട്ടിൽ ഒറ്റപ്പെട്ട അവസ്ഥ സൃഷ്ടികികാതിരിക്കലും ഏറെ പ്രധാനമാണ്.  സോഷ്യൽ മീഡിയ നെറ്റ് വർക്കിങിന് അടിമപ്പെട്ട് നമ്മുടെ കുട്ടികൾ ഒരുവിധം" ആൻറീ സോഷ്യൽ" ആവാതിരിക്കാൻ ഇത്രയേ ഉള്ളൂ മാർഗം

"അമിതമായാൽ അമൃതം വിശം"